# എക്കോസ്റ്റാറ്റ് ന്യൂസ്

ബഹുദൂരം
അതിവേഗം

ഔദ്യോഗിക ആവശ്യങ്ങൾക്ക്

ഒക്ടോബർ 2005
ലക്കം 5 പതിപ്പ് 5



ഉള്ളടക്കം

❋ തെരഞ്ഞെടുത്ത സൂചികകൾ ❋ ജനസംഖ്യാശാസ്ത്രം
❋ ന്യൂസ് ❋ വിലനിലവാരം ❋ വിലസൂചികകൾ
❋ ഇൻ ഹൗസ്

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
കേരള സർക്കാർ

# 5

## പ്രസാധകക്കുറിപ്പ്

1956 നവംബർ 1 മലയാളികളുടെ മനസ്സിൽ അഭിമാനകരമായി എന്നെന്നും ഓർമ്മയിൽ അവശേഷിക്കുന്ന സുദിനം. ഭാഷാടിസ്ഥാനത്തിൽ മലയാളികൾക്കായി ഒരു സംസ്ഥാനം രൂപംകൊണ്ടിട്ട് ഇന്നേക്ക് അഞ്ച് ദശാബ്ദമാകുന്നുവെന്നത് ഈ കേരളപ്പിറവി ദിനത്തിന്റെ മഹനീയ സവിശേഷതയാണ്.

ഇത്തരത്തിൽ കേരള സംസ്ഥാനം രൂപംകൊണ്ടിട്ട് നാളിതുവരെയായിട്ടും മലയാള ഭാഷയെ പരിപോഷിപ്പിക്കുന്നതിനോ സാർവ്വത്രികമാക്കുന്നതിനോ, ഔദ്യോഗികഭാഷയായി പ്രഖ്യാപിക്കുന്നതിനോ വേണ്ടി നമുക്ക് 2002 വരെ കാത്തിരിക്കേണ്ടതായിവന്നു.

ആഗോളതലത്തിൽ കേരളത്തിന്റെ തനതുകലയായ കഥകളി ഖ്യാതിനേടുമ്പോഴും, മലയാളികളായ സാഹിത്യകാരന്മാർക്കും, ഭിഷഗ്വരന്മാർക്കും സാമ്പത്തിക ശാസ്ത്രജ്ഞൻമാർക്കും പുരസ്ക്കാരങ്ങളും അംഗീകാരങ്ങളും ലഭിക്കുമ്പോഴും മാതൃഭാഷയ്ക്ക് മതിയായ അംഗീകാരം ലഭിച്ചിരുന്നില്ലെന്നുള്ളത് വസ്തുതാപരമാണ്.

കായിക ലോകത്ത് ഇന്ത്യയുടെ അഭിമാനഭാജനമായ പി. ടി. ഉഷയും ബിനാമോളും അഞ്ജു ബോബി ജോർജ്ജും ഒക്കെ മികവ് തെളിയിക്കുമ്പോഴും അവയൊക്കെയും മലയാളിയുടെ കായികാധ്വാനത്തിന് ലഭിച്ച പുരസ്ക്കരങ്ങളായി കേരളം കാണുന്നു.

മലയാളിയുടെ ചിട്ടയായ ജീവിതശൈലി, സാംസ്ക്കാരിക തനിമ, പങ്കാളിത്തം, വികസന പ്രവർത്തനത്തിനുള്ള കാഴ്ചപ്പാട് ഇവ മറ്റുള്ളവർക്ക് മാതൃകയാണ്. ഈ സവിശേഷതകൾ ഒക്കെക്കൊണ്ടുതന്നെ കേരളത്തിലേക്ക് വിദേശസഞ്ചാരികളെ ആകർഷിക്കുന്നതിലൂടെ കേരളം 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന വിശേഷണം നമുക്ക് നേടിയെടുക്കുവാൻ കഴിഞ്ഞു.

ആംഗലേയ ഭാഷയുടെ കടന്നുകയറ്റം മലയാളിയുടെ ജീവിത ശൈലിയിൽ തനതായ മാറ്റം വരുത്തുകയും കേരളം ഇന്നുവരെ ആർജ്ജിച്ച പൈതൃകമായ ശൈലിയിൽ വ്യതിയാനം സംഭവിക്കുന്നതും സർവ്വസാധാരണമായി.

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിതലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പ് ഭാഷാമാറ്റത്തിലൂടെ സുതാര്യമാക്കുവാൻ തീരുമാനിച്ചു.

2002 മുതൽ എല്ലാ നവംബർ 1-ന് മലയാളഭാഷ ദിനാഘോഷമായും 1 മുതൽ 7 വരെ ഭരണഭാഷാ വാരമായും സർക്കാർആചരിച്ചുവരുന്നു. വിവിധ വകുപ്പുകളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ വിവിധയിടങ്ങളിലായി മലയാളഭാഷയ്ക്ക് മികച്ച സംഭാവനകൾ നൽകിയ വ്യക്തികളെ ആദരിക്കുകയും വിവിധ വകുപ്പുകളിൽ മലയാളത്തിൽ ഫയലുകൾ തീർപ്പാക്കിയ ജീവനക്കാർക്ക് പ്രോത്സാഹനവും ക്യാഷ് അവാർഡ് നൽകിയും വരുന്നു.

ഐക്യകേരളപ്പിറവിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായിട്ട് ഈ വർഷത്തെ മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും വിപുലമായ രീതിയിൽ സമുചിതമായി 1 മുതൽ 7 വരെ ആഘോഷിക്കുന്ന വേളയിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ദ്വൈമാസ പ്രസിദ്ധീകരണമായ 'എക്കോസ്റ്റാറ്റ് ന്യൂസ്' ഈ ലക്കം മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിലൂടെ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിൽ പങ്കാളിയാകുവാൻ വകുപ്പിനും കഴിയുമെന്ന് വിശ്വസിക്കുന്നു. കൂടുതെ വകുപ്പിന്റെ കത്തിടപാടുകൾ പൂർണ്ണമായും മലയാളഭാഷയിൽത്തന്നെ കൈകാര്യം ചെയ്യുന്നവാനുള്ള നിർദ്ദേശം നൽകുകയും ഇതിന്റെ പുരോഗതി മാസാന്ത്യങ്ങളിൽ തന്നെ വിലയിരുത്തുന്നതുമാണെന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു. കൂടാതെ മലയാളഭാഷ കൂടുതൽ കരുത്താർജ്ജിക്കുകയും ആഗോളതലത്തിൽ മികവ് തെളിയിക്കുകയും ചെയ്യട്ടെ എന്ന് ആത്മാർത്ഥമായും ഈ അവസരത്തിൽ ആശംസിച്ചുകൊള്ളുന്നു.

ഡയറക്ടർ

*പത്രാധിപ സമിതി*

എം.ആർ. ബാലകൃഷ്ണൻ (ചീഫ് എഡിറ്റർ) ❖ ഗംഗാധരമുരുകൻ ❖ ഡി. രാജൻ ❖ കെ. നാരായണൻ ❖

കെ. വിമലൻ ❖ ആർ. ശ്രീകുമാർ ❖ *ഡിസൈൻ: കെ.കെ.ബസന്ത് കുമാർ* ❖ *ടൈപ്പിംഗ്: എസ്.ശശീന്ദ്രൻ*

❖ *മേൽനോട്ടം (പ്രിന്റിംഗ്): പി.കൃഷ്ണകുമാർ*

*പ്രസാധകർ: എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, കേരള സർക്കാർ*

# ഉള്ളടക്കം


| | പേജ് |
|---|---|
| തെരഞ്ഞെടുത്ത സൂചികകൾ | |
| തൊഴിൽ | 3 |
| ബഡ്ജറ്റ് | 7 |
| ജനസംഖ്യാശാസ്ത്രം | |
| നിരക്കുകളും അനുപാതങ്ങളും | 15 |
| ന്യൂസ് | 25 |
| വിലനിലവാരം | 32 |
| വില സൂചികകൾ | 34 |
| ഇൻ ഹൗസ് | 36 |

# തെരഞ്ഞെടുത്ത സൂചികകൾ

തയ്യാറാക്കിയത്: ഡോ: ടി. ഭാവന, ഡെ. ഡയറക്ടർ
ശ്രീമതി. കെ. ഹലീമാബീഗം, റിസർച്ച് ആഫീസർ

## തൊഴിൽ

കേരളസംസ്ഥാനം നാനാവിധ സവിശേഷതകൾകൊണ്ട് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇപ്പോൾ മുൻനിരയിലാണെങ്കിലും തീവ്രമായ തൊഴിലില്ലായ്മ നേരിടുന്നുവെന്നത് വസ്തുതാപരമാണ്. നിലവിലുള്ള കണക്കുകൾ പ്രകാരം 1995 വരെ എംപ്ളോയ്മെന്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ 32.26ലക്ഷം ആയിരുന്നത് 2004 മാർച്ചിൽ 36.38 ലക്ഷമായി വർദ്ധിച്ചു. കേരളത്തിലെ സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽ 2004 ലെ താൽക്കാലിക കണക്കുകൾ പ്രകാരം തൊഴിൽ ലഭിച്ചവരുടെ ആകെ എണ്ണം 12.04 ലക്ഷമാണ്. കേരളത്തിൽ തൊഴിലില്ലായ്മ നിരക്ക് ഗ്രാമീണമേഖലയിൽ 11.6 ശതമാനവും നഗരപ്രദേശത്ത് 12.2 ശതമാനവുമായി കണക്കാക്കപ്പെടുമ്പോൾ ദേശിയതലത്തിൽ ഗ്രാമീണമേഖലയിൽ തൊഴിലില്ലായ്മ നിരക്ക് 2.3 ശതമാനവും നഗരപ്രദേശത്ത് 5.7 ശതമാനവുമാണുള്ളത്. കേരളത്തിലെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയെ കാണിക്കുന്നു.

വിവിധ തലങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കിയ തൊഴിൽ രഹിതരുടെ പട്ടിക പരിശോധിച്ചാൽ ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയതും, ബിരുദവും, ബിരുദാനന്തര ബിരുദവും നേടിയവരുടെ എണ്ണവും ക്രമാതീതമായി വർദ്ധിച്ചുവരുന്നതായികാണാം. ഇത്തരത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയവർ 1965 ൽ 79,954 ആയിരുന്നത് 2004 ൽ 29.71 ലക്ഷമായി വർദ്ധിച്ചത് കേരളത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രശ്നത്തിന്റെ തീവ്രതയെ സൂചിപ്പിക്കുന്നു. തൊഴിൽപരവും സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയക്കിയതുമായവരുടെ എണ്ണം 1971 വരെ 14,263 ആയിരുന്നത് 2004 മാർച്ച് അവസാനത്തിൽ 1,77, 025 ആയി വർദ്ധിച്ചു. ബിരുദധാരികളുടെ എണ്ണം 1966 ൽ 3167 ൽ നിന്ന് 2004 ൽ 2,39,250 ആയും ബിരുദാനന്തരബിരുദക്കാരുടെ എണ്ണം 637 ൽ നിന്നും 2004 മാർച്ച് അവസാനത്തിൽ 55. 661 ആയും വർദ്ധിച്ചു. എന്നാൽ ഹൈസ്സ്കൂൾ പഠനം പൂർത്തിയാക്കാത്തവരുടെ എണ്ണം 1970 ൽ 1.66 ലക്ഷമായിരുന്നത് 2004 ൽ 6.68 ലക്ഷമായി ഉയർന്നു.

ഉന്നതവിദ്യാഭ്യാസം നേടിയവരുടെ പട്ടികയിൽ മെഡിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരികളുടെ എണ്ണം 1970 ലെ കണക്കുപ്രകാരം 281 ആയിരുന്നതിൽ നിന്ന് 2004 മാർച്ച് അവസാനത്തിൽ 3583 ആയി വർദ്ധിച്ചത് ഈ മേഖലയിലെയും തൊഴിലില്ലായ്മയുടെ രൂക്ഷത വെളിപ്പെടുത്തുന്നു. പരമ്പരാഗതമായി കാർഷിക അഭിവൃദ്ധിയിൽ ഉപജീവനം നടത്തിയിരുന്ന കേരളസംസ്ഥാനം ഈ മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിൽ സാദ്ധ്യതകൾക്കനുസരിച്ച് കൃഷി ഐഛികവിഷയമായി ബിരുദം നേടിയവരുടെ എണ്ണം 1970 ൽ 133 ആയിരുന്നത് 2004 ൽ 962 ആയി വർദ്ധിച്ചത് പരമ്പരാഗതമേഖലയിലും കുറഞ്ഞുവരുന്ന തൊഴിലവസരത്തെ സൂചിപ്പിക്കുന്നു. അതുപോലെ മൃഗസംരക്ഷണമേഖലയിൽ ബിരുധധാരികളായ 70 പേർ 1970 ൽ ഉണ്ടായിരുന്നതിൽ നിന്നും 2004 ആയപ്പോൾ 532 ആയും എഞ്ചിനീയറിംഗ് ഡിപ്ളോമ കരസ്ഥമാക്കിയവരുടെ എണ്ണം

3547 ൽ നിന്നും 39,835 ആയും വ്യാവസായിക പരിശീലനത്തിൽ സർട്ടിഫിക്കേറ്റ് ലഭിച്ചവരുടെ എണ്ണം 8380 ൽ നിന്നും 1,18,493 ആയും വർദ്ധിച്ചു.

വിദ്യാഭ്യാസനിലവാരമനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക -2

| | ആകെ തൊഴിൽ രഹിതർ | എസ്.എസ്.എൽ.സി. പൂർത്തിയാക്കാത്തവർ | എസ്.എസ്.എൽ.സി | പ്രീഡിഗ്രി | ബിരുദം | ബിരുദാനന്തര ബിരുദം | പത്താംക്ലാസ് മുതൽ | തൊഴിൽപരവും സാങ്കേതിക പരിജ്ഞാനവുമുള്ളവർ |
|---|---|---|---|---|---|---|---|---|
| 1961 | 140809 | – | – | – | – | – | – | – |
| 1966 | 140592 | – | 73497 | 2653 | 3167 | 637 | 79954 | – |
| 1971 | 367381 | 166305 | 167814 | 10168 | 20841 | 2223 | 201076 | 14263 |
| 1975 | 691242 | 331628 | 281989 | 28329 | 44456 | 4840 | 359614 | 26911 |
| 1980 | 1579164 | 765141 | 658652 | 79310 | 67841 | 8220 | 814023 | 39305 |
| 1985 | 2457170 | 1192502 | 10518587 | 119953 | 84149 | 8679 | 1264668 | 64276 |
| 1990 | 3320035 | 1227319 | 1655465 | 273725 | 135213 | 28313 | 2092716 | 116032 |
| 1995 | 3226305 | 928954 | 1857110 | 260505 | 151207 | 25529 | 2297351 | 119413 |
| 2000 | 3751396 | 872052 | 2225415 | 404609 | 229320 | 82872 | 2912216 | 161630 |
| 2004 | 3638864 | 667738 | 2151057 | 525158 | 239250 | 55661 | 2971126 | 177025 |

സർക്കാർ, അർദ്ധ സർക്കാർ സ്വകാര്യ സംരംഭങ്ങൾ എന്നിവയിൽ ആകെ തൊഴിൽ ലഭിച്ചവരുടെ എണ്ണം 1970 ലെ കണക്കുകൾ പ്രകാരം 702880-ൽ നിന്നും 2004 മാർച്ച് അവസാനത്തിൽ 12,04,423 ആയി വർദ്ധിച്ചിട്ടുണ്ട് ഇതിൽ പൊതുമേഖലയിൽ മാത്രമായി 2,93,318 തൊഴിലാളികൾ 1970 ൽ ഉണ്ടായിരുന്നത് 6,14,815 ആയി 2004-ൽ വർദ്ധിക്കുകയും സ്വകാര്യമേഖലയിൽ ഇത് യഥാക്രമം 4,09,562 ൽ നിന്നും 5,89,608 ആയി ഉയർന്നിട്ടുണ്ട്.

കേരളത്തിൽ കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ലഭ്യമായ കണക്കുകൾ പ്രകാരം 1970 ൽ 46,008 ആയിരുന്നത് 2004 ൽ 1,72,438 ആയി ഉയർന്നപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ എണ്ണം 82,859 ൽ നിന്നും 2,87,363 ആയി വർദ്ധിച്ചിട്ടുണ്ട്. ഇതേ രീതിയിൽ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിച്ചവരുടെ എണ്ണം ലഭ്യമായ കണക്കുകൾ പ്രകാരം 16,959 എന്നതിൽ നിന്നും 2004 ൽ 26,769 ആയി വർദ്ധിച്ചത് ഒരു

പരിധി വരെ ഇത്തരം സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകുവാൻ സഹായിച്ചിട്ടുള്ളതായി കണക്കാക്കുന്നു. വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയിൽ നിന്നും അഭ്യസ്തവിദ്യരായിട്ടുള്ള തൊഴിൽ അന്വേഷകർക്ക് ആശ്വാസകരമായ കണക്കുകൾ ലഭിക്കുന്നത് അർദ്ധസർക്കാൽ സ്ഥാപനങ്ങളിൽ നിന്നാണെന്നുള്ളത് കണക്കുകൾ വ്യക്തമാക്കുന്നു. ഇത്തരം സ്ഥാപനങ്ങളിൽ 1970 ൽ 56,913, പേർക്ക് തൊഴിലുണ്ടായിരുന്നപ്പോൾ 2004 ൽ അത് 2.37.208 ആയി വർദ്ധിച്ചിട്ടുണ്ട്.

സംസ്ഥാനരൂപീകരണത്തിനുശേഷം വിവിധ മേഖലകളിലായി തൊഴിൽ ലഭിച്ചവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

പട്ടിക - 4

| തൊഴിൽ മേഖല | 1965 | 1970 | 1975 | 1980 | 1985 | 1990 | 1995 | 2000 | 2004 |
|---|---|---|---|---|---|---|---|---|---|
| പൊതുമേഖലയിലും സ്വകാര്യമേഖലയിലും കുടി ആകെ എണ്ണം | 694139 | 702880 | 781130 | 993862 | 1072853 | 1118447 | 1174408 | 1225923 | 12044423 |
| പൊതുമേഖല | 250329 | 293318 | 375690 | 484939 | 563327 | 625693 | 620422 | 643972 | 614815 |
| സ്വകാര്യമേഖല | 443810 | 409562 | 405440 | 508923 | 509526 | 492754 | 553986 | 581951 | 589608 |
| പൊതുമേഖല (കേന്ദ്രഗവൺമെന്റ്) | 40764 | 46008 | 52989 | 64792 | 86124 | 95768 | 96989 | 101886 | 82859 |
| പൊതുമേഖല (സംസ്ഥാന സർക്കാർ) | 164351 | 172438 | 200065 | 231628 | 254999 | 278709 | 275151 | 292026 | 287363 |
| തദ്ദേശ സ്വയം ഭരണ മേഖല | 11488 | 16959 | 22219 | 21104 | 23225 | 24565 | 24380 | 24749 | 26769 |
| പൊതുമേഖല അർദ്ധസർക്കാർ) | 35600 | 56913 | 100417 | 167415 | 298979 | 226651 | 223905 | 225311 | 237208 |

പട്ടിക - 1

എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ വിവരം

| ഇനം | തൊഴിൽ രഹിതരുടെ എണ്ണം | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 60-61 | 65-66 | 70-71 | 75-76 | 80-81 | 85-86 | 90-01 | 95-96 | 2000-01 |
| ആകെയുള്ള തൊഴിലവസരങ്ങളുടെ എണ്ണം | 17439 | 24941 | 24613 | 30264 | 33855 | 20216 | 27462 | 25950 | 28494 |
| രജിസ്റ്റർചെയ്തവരുടെ എണ്ണം | 103534 | 137030 | 220952 | 282068 | 454156 | 363100 | 476725 | 331748 | 628910 |
| നിയമനം ലഭിച്ചവരുടെ എണ്ണം | 11679 | 16301 | 16921 | 25473 | 21641 | 13943 | 15640 | 16996 | 17453 |
| നാളിതു വരെ രജിസ്റ്റർ ചെയ്തവരുടെ എണ്ണം | 142822 | 130580 | 300163 | 712952 | 1651356 | 2532322 | 330842 | 3266458 | 4238034 |

പട്ടിക 3

തൊഴിൽപരവും സങ്കേതികവുമായ വിദ്യാഭ്യാസം പൂർത്തിയായവരുടെ ലഭ്യമായ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വിദ്യാഭ്യാസനിലവാരം | 1970 | 1975 | 1980 | 1985 | 1990 | 1995 | 2000 | 2004 - |
|---|---|---|---|---|---|---|---|---|
| മെഡിക്കൽ ബിരുദ ധാരികൾ | 281 | 809 | 871 | 1014 | 1806 | 1974 | 2044 | 3583 |
| എഞ്ചനീയറിംഗ്ബിരുദധാരികൾ | 1852 | 1850 | 1505 | 2254 | 6507 | 7553 | 8943 | 8265 |
| എഞ്ചനീയറിംഗ് ഡിപ്ളോമ ഉള്ളവർ | 3547 | 3990 | 6833 | 11986 | 20154 | 26403 | 40525 | 39835 |
| വ്യാവസായിക പരിശീലനത്തിൽ സർട്ടിഫിക്കറ്റ് ലഭിച്ചവർ | 8380 | 20113 | 29973 | 48748 | 87069 | 82030 | 108856 | 118493 |
| കാർഷിക മേഖലയിലെ ബി രദധാരികൾ | 133 | 32 | 106 | 252 | 368 | 1305 | 1188 | 962 |
| മൃഗസംരക്ഷണംമേഖലയിലെ ബിരു ദധാരികൾ | 70 | 117 | 17 | 22 | 128 | 148 | 74 | 532 |

## ബഡ്ജറ്റ് വരവിനം

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനത്തിനുളള ധന സ്വരുപണം സാധ്യമാകുന്നത് പ്രധാനമായും ആഭ്യന്തരവരവിനവും കേന്ദ്രവിഹിതവുമാണ്.

ഇതിൽ ആഭ്യന്തരവരവിനത്തിൽ പ്രധാനമായും ആഭ്യന്തര നികുതിയും ആഭ്യന്തര നികുതിയേതര വരവിനവും ഉൾപ്പെടുന്നു.

കേന്ദ്രവിഹിതത്തിൽ പ്രധാനമായും കേന്ദ്രസഹായധനവും, പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങളിൽ നിന്നും കേന്ദ്രം സ്വരുപിക്കുന്നതിൽനിന്നുള്ള വിഹിതവും കുടാതെ നികുതിയിനത്തിൽ കേന്ദ്രത്തിന് ലഭിക്കേണ്ടുന്ന തുകയിൽ നിന്നുള്ള വിഹിതവുമാണ്.

ഇത്തരത്തിൽ ലഭിക്കുന്ന വരവിനം വിവിധ വികസന മേഖലകളിലായി സംസ്ഥാനം ചെലവാക്കിയതിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുള്ള സംസ്ഥാനത്തിന്റെ വാർഷിക വളർച്ചാനിരക്ക് 1995-96 മുതൽ 2002-03 വർഷം വരെ 10.2 ശതമാനം ആണ്. ഈ കാലയളവിൽ കേരളത്തിന്റെ വരവിനത്തിലുള്ള വളർച്ചാനിരക്ക് ആഭ്യന്തര നികുതിയിനം , നികുതിയേതര വരവിനം , കേന്ദ്രവിഹിതം ഇവ യഥാക്രമം 11.8 ശതമാനം. 4.5ശതമാനം 8.8ശതമാനം എന്നിങ്ങനെയാകുന്നു.

1990-91 വർഷത്തിൽ കേരളത്തിന്റെ ഭരണ നിർവ്വഹണ വികസന പ്രവർത്തനത്തിനുള്ള കേന്ദ്ര വിഹിതമായി നൽകിയിരുന്നത് 5.03 ശതമാനമായിരുന്നെങ്കിൽ 2003-04 വർഷം ലഭിച്ചത് 4.3 ശതമാന മായി കുറഞ്ഞത് എടുത്തുപറയേണ്ട വസ്തുതയാണ്

സംസ്ഥാനത്തിന്റെ ഭരണ നിർവ്വഹണത്തിനായി ലഭിക്കുന്ന വരവിനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

കേരളത്തിന് സ്വന്തമായുള്ള പരിമിതമായ വിഭവങ്ങളിൽ നിന്നും 1957 -58 വർഷത്തിൽ നേടിയ വരവിനം 31.50 കോടി രുപയും ചെലവ് 32.90 കോടി രുപയുമാണ്. 2003-04 ൽ ഈ ഇനത്തിൽ കേരളം സ്വരുപിച്ച വിരവിനം 11,815.37 കോടി രുപയാണെങ്കിലും ചെലവാക്കിയത് 15,495.67 കോടി രുപയാണെന്നത് കണക്കുകൾ സുചിപ്പിക്കുന്നു. 1970 കളിൽ കേരളം വിവിധ നികുതിയിനത്തിൽ സമാഹരിച്ച വരവിനത്തിന്റെ ശരാശരി തുക 332.95 കോടി രുപയും അതിൻമേലുള്ള വളർച്ചാനിരക്ക് 16.4 ശതമാനവുമായി കണക്കാക്കാം. എന്നാൽ ഇതിനുശേഷമുള്ള ഒരു ദശാബ്ദകാലത്തെ വളർച്ചാനിരക്ക് 1970 ലേതിനേക്കാൾ 2.61 ശതമാനം കുറവായും തുടർന്ന് 1990 ൽ ഇത് 1980 നെ അപേക്ഷിച്ച് (13.79 % ) 0.42 ശതമാനം വർദ്ധനവ് അതായത് 14.21 ശതമാനം രേഖപ്പെടുത്തിയതായും കാണാം.

2000 നുമുൻപുള്ള മുന്നു ദശാബ്ദകാലത്തെ സംസ്ഥാനത്തിന്റെ വിരവിനത്തിലുള്ള വളർച്ചാനിക്ക് സന്തുലനാവസ്ഥയിൽ നിൽക്കുന്നതായി (14.65 %) കാണുന്നു. 1999- 2000 ൽ കേരളം വാർഷിക വളർച്ചാ നിരക്ക് 10.33 ശതമാനമായി കൈവരിച്ചപ്പോൾ ആഭ്യന്തരവരവിനത്തിൽ

നേടാനായത് 7941.75 കോടി രൂപയാണെങ്കിൽ തുടർന്നുള്ള നാലാം വർഷത്തിൽ അതായത് 2003-04 ൽ ഈ ഇനത്തിൽ 11,815.37 കോടി രൂപ സ്വരൂപിക്കുവാൻ കഴിഞ്ഞു.

ആഭ്യന്തരവരവിനത്തിനുണ്ടാകുന്ന സന്തുലനാവസ്ഥ ഇത്തരത്തിൽ നിലനിൽക്കു മ്പോൾ ചെലവിനത്തിൽ ദ്രുതഗതിയിലുണ്ടാകുന്ന വർദ്ധനവ് നിമിത്തം വാർഷിക വളർച്ചാനിരക്കിൽ മാന്ദ്യതയുണ്ടാകുന്നതായി കണക്കാക്കുന്നു.

1970 നുശേഷമുള്ള ഒരു ദശാബ്ദത്തിൽ കേരളത്തിന്റെ ശരാശരി ചെലവിന്റെ വളർച്ചാനിരക്ക് 14.03 ശതമാനമായിരുന്നത് തുടർന്ന് രണ്ട് ദശാബ്ദങ്ങളിലും അതായത് 1980 ലും , 1990 ലും യഥാക്രമം 14.72 ശതമാനവും , 16.95 ശതമാനവുമായി വർദ്ധനവ് രേഖപ്പെടുത്തു.ന്നു. കഴിഞ്ഞ 30 വർഷക്കാലത്തെ റവന്യൂ ചെലവിന്റെ ശരാശരി വാർഷിക വളർച്ചാ നിരക്ക് 15.81 ശതമാനമായി കണക്കാക്കിയാൽ ഒന്നോ രണ്ടോ വർഷത്തിൽ മാത്രമാണ്ഈ ഇനത്തിൽ കുറവ് സൂചിപ്പിച്ചത് ശേഷിക്കുന്ന കാലയളവിലൊക്കെത്തന്നെ വർദ്ധനവും രേഖപ്പെടുത്തുന്നു.

1957-58 കാലയളവിലെ ആഭ്യന്തര വാർഷിക വരവിനം 31.50 കോടി രൂപയും ചെലവ് 32.90 കോടിരൂപയുമായിരുന്നത് 2003-04 ൽ യഥാക്രമം 11815.37 കോടിയും , 15495.67 കോടിരൂപയുമാണ്.

ജലസേചനം. കൃഷിയും അനുബന്ധപ്രവർത്തനവും . വ്യവസായം പൊതുമരാമത്ത് തുടങ്ങിയവക്കായി ഉ[illegible] [illegible]ചെലവ് സംസ്ഥാനം വിനിയോഗിക്കുന്ന റവന്യൂ ചെലവു[illegible] കുറഞ്ഞ തോതാണ് സൂചിപ്പിക്കുന്നത്. ഇ[illegible] [illegible] ലും 1999-2000 ലും. 2003-2004 ലും, യഥാക്രമം മൂലധനചിലവ് 8.44 കോടിയും, 648.10 കോടി, 1931.65 കോടിരൂപയുമാണ്.

സംസ്ഥാനത്തിന്റെ ആഭ്യന്തരവരവിനമാർഗ്ഗങ്ങളായ ഭൂനികുതി, മുദ്രപത്ര വിൽപ്പനയും രജിസ്ട്രേഷൻ ഇനത്തിൽ ലഭിക്കുന്നതും, എക്സൈസ് തീരുവ. വിൽപ്പനനികുതി വാഹനനികുതി തുടങ്ങിയവയുടെ വാർഷിക വളർച്ചാനിരക്ക് സംസ്ഥാനരൂപീകരണത്തിനുശേഷം വർദ്ധിച്ചുവരുന്ന പ്രവണത കണ്ടുവരുന്നു. എന്നാൽ ആഭ്യന്തര നികുതിയേതരവരവിനത്തിന് വിനിയോഗിക്കേണ്ടതായ വനം. കടബാധ്യതയുള്ള പലിശ. വിദ്യാഭ്യാസം. പൊതുജനാരോഗ്യം. ഗ്രാമവികസനം. മൃഗസംരക്ഷണം. സഹകരണം. വ്യവസായം സാമൂഹിക വികസനം തുടങ്ങിയ [illegible] നികുതിയേതര വരവിനത്തിൽ നിന്ന് ലഭിച്ചുകൊണ്ടിരുന്ന മൂല്യത്തിന്റെ വളർച്ചാനിരക്ക് 1970 ൽ 28.79 ശതമാനമായിരുന്നത് 199-00 ൽ 4.87 ശതമാനംകുറവ് അനുഭവപ്പെടുകയും 2003-04 ൽ ഈ സ്ഥിതിയിൽ മാറ്റം വരുകയും ചെയ്തു.

## വരവിനകമ്മി

വരവിനത്തിൽ കുറവ് സംഭവിക്കുകയും ചെലവ് ക്രമാതീതമായി വർദ്ധിക്കുന്നതുമൂലമുണ്ടാകുന്ന വരവിനകമ്മി 1973-74 ൽ ഒഴികെ 1972-73 മുതൽ 1977-78 വരെ കുറവ് രേഖപ്പെടുത്തി. 1978-79 ലും 19979-80 ലും വരവിനകമ്മിയുടെ വളർച്ചാനിരക്കിൽ വ്യത്യാസം

സൂചിപ്പിക്കുകയും 1980 കളിലും ഈ നില തുടരുകയും 1991-92 ഉം 1992-93 ഒഴികെ 1990-91 മുതൽ 1999-2000 വരെയുള്ള കാലയളവിൽ വരവിനകമ്മി നിലമെച്ചപ്പെടുകയും ചെയ്തു. ലഭ്യമായ കണക്കുകൾ പ്രകാരം 2003-04 ൽ സംസ്ഥാനത്തിന്റെ വരവിന കമ്മി 3680.30 കോടി രൂപയാണ്.

## ധനകമ്മി

ബഡ്ജറ്റ് കമ്മി, റിസർവ് ബാങ്കിൽ നിന്നും ട്രഷറിയിൽ നിന്നുമുള്ള കടമെടുപ്പും ഉൾപ്പെടുന്ന ധനകമ്മി 1957-58 ൽ 9.84 കോടി രൂപയായിരുന്നത് 2003-04 ൽ 5539.05 കോടിയായി വർദ്ധിച്ചു. 1970-71 മുതൽ 1999-2000 വരെയുള്ള മുന്നു ദശാബ്ദകാലത്തെ സംസ്ഥാനത്തിന്റെ ധനകമ്മി വളർച്ച 17.03 ശതമാനമായി കണക്കാക്കുന്നു. 19970, 1980, 1990 എന്നീ മൂന്ന് ദശാബ്ദങ്ങളിലെ ഈ ഇനത്തിലുള്ള വളർച്ച യഥാക്രമം 6.82%, 14.48%, 21.29% എന്നിങ്ങനെയാണ്. 1970-71 മുതൽ 1979-80 വരെയും 1995-96 മുതൽ 1990-00 വരെയുള്ള വാർഷിക വളർച്ച യഥാക്രമം 1.6 ശതമാനവും 36.61 ശതമാനവുമായി കണക്കാക്കുന്നു.

## കടം

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം വർദ്ധിച്ചുവരുന്ന കട ബാധ്യതയാണ്. റവന്യു ചെലവിലുണ്ടാകുന്ന വർദ്ധനവ്, ബഡ്ജറ്റ് കമ്മി വർദ്ധനവ്, സംസ്ഥാന പദ്ധതികൾക്കായി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന ഉയർന്ന അനുപാതത്തിലുള്ള വായ്പ എന്നിവയാണ് പ്രധാനമായും സംസ്ഥാന കടബാധ്യത വർദ്ധിപ്പിക്കുന്നത്.

1970-71 കാലഘട്ടത്തിൽ 217.34 കോടി രൂപയായിരുന്ന കടം 1999-2000-ൽ 20,176 കോടിയും 2003-04-ൽ 37,452 കോടി രൂപയുമായി വർദ്ധിച്ചു. കഴിഞ്ഞ 30 വർഷക്കാലത്തെ കടബാധ്യതയിൽ 1981-82-ൽ മാത്രം കുറവ് രേഖപ്പെടുത്തിയത് ഒഴിച്ചാൽ (8.79%) വളർച്ച നിരക്ക് കുടിവരുന്ന പ്രവണതയാണ് കാണാൻ കഴിയുക. മുപ്പതുവർഷക്കാലത്തെ കട ബാധ്യതയുടെ ശരാശരി വളർച്ചാനിരക്ക്16.91 ശതമാനവും 1970.1990 ദശാബ്ദങ്ങളിലെ വളർച്ചാനിരക്ക് യഥാക്രമം 17.78 ശതമാനമായും 17,53 ശതമാനമായും വ്യത്യാസപ്പെട്ടിരിക്കുന്നു.

1970-71 മുതൽ 1974-75 വരെയുള്ള വാർഷിക വളർച്ചാനിരക്ക് 20.84 ശതമാനവും 1995-96 മുതൽ 1999-2000 വരെയുള്ള വർഷങ്ങളിലേത് 16.85 ശതമാനവുമാണ്.

## പലിശ, ശമ്പളവും പെൻഷനും

ധനകമ്മി വർദ്ധിക്കുന്നത് പ്രധാനമായും വായ്പയിൻമേലുള്ള പലിശയും ശമ്പളവും അനുബന്ധപെൻഷനുമാണെന്നുള്ളത് വസ്തുതാപരമാണ്. സംസ്ഥാന രൂപീകരണത്തിനു ശേഷം ഈ ഇനത്തിൽ ഗവൺമെന്റ് വിനിയോഗിച്ചത് പലിശയിനത്തിൽ 2.01 കോടിയും ശമ്പളവും പെൻഷനുമായി 1.08കോടി രൂപയുമാണ്.

1976-77, 1986-87, 1996-97 എന്നീ വർഷങ്ങളിൽ ശമ്പളയിനത്തിൽ മാത്രം നൽകിയ തുക യഥാക്രമം 207.90 കോടി, 739.71 കോടി, 2616.66 കോടി എന്നിങ്ങനെയാണ്. 1999-2000ൽ ഈ

ഇനത്തിൽ 4502.86 കോടി രൂപയും പലിശ, പെൻഷൻ എന്നീ ഇനത്തിൽ യഥാക്രമം 1952.27 കോടിയും 1808.29 കോടി രൂപയുമാണ്.

പട്ടിക – 1

| | ഇനം | 1957-58 | 1970-71 | 1971-72 | 1972-73 | 1973-74 | 1974-75 |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | റവന്യൂ വരവിനം (കോടിയിൽ) | 31.50 | 150.79 | 179.19 | 197.40 | 217.71 | 287.97 |
| 2 | വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) | ബാധകമല്ല | ബാധകമല്ല | 18.83 | 10.16 | 10.29 | 32.27 |
| 3 | ആഭ്യന്തര നികുതി വരവിനം | 13.29 | 67.98 | 74.70 | 82.90 | 95.45 | 123.57 |
| 4 | വാർഷിക വളർച്ചാ നിരക്ക് | ബാധകമല്ല | ബാധകമല്ല | 9.89 | 10.98 | 15.14 | 29.46 |
| 5 | നികുതിയേതര വരവിനം | 13.94 | 52.58 | 67.72 | 70.47 | 74.89 | 117.27 |
| 6 | വാർഷിക വളർച്ചാ നിരക്ക് | ബാധകമല്ല | ബാധകമല്ല | 28.79 | 4.06 | 6.27 | 56.59 |
| 7 | വനം | 2.92 | 9.14 | 10.61 | 10.47 | 14.57 | 18.17 |
| 8 | വാർഷിക വളർച്ചാ നിരക്ക് | ബാധകമല്ല | ബാധകമല്ല | 16.08 | 1.32 | 39.16 | 24.71 |
| 9 | നികുതിയേതര റവന്യൂ (വനം ഒഴികെ) | 11.02 | 43.44 | 57.11 | 60.00 | 60.32 | 99.10 |
| 10 | വാർഷിക വളർച്ചാ നിരക്ക് | ബാധകമല്ല | ബാധകമല്ല | 31.47 | 5.06 | 0.53 | 64.29 |
| 11 | റവന്യൂ ചെലവ് (കോടിയിൽ) | 32.90 | 163.80 | 186.51 | 204.35 | 237.31 | 287.66 |
| 12 | വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) | ബാധകമല്ല | ബാധകമല്ല | 13.86 | 9.57 | 16.16 | 21.19 |
| 13 | മൂലധന ചെലവ് (കോടിയിൽ) | 8.44 | 23.41 | 30.97 | 34.24 | 39.45 | 32.11 |
| 14 | റവന്യൂ കമ്മി (ആർ. ഡി) | ബാധകമല്ല | 13.01 | 7.32 | 6.95 | 19.66 | 0.31 |
| 15 | വളർച്ചാ നിരക്ക് (ശതമാനത്തിൽ) | ബാധകമല്ല | ബാധകമല്ല | 43.74 | 5.05 | 182.88 | 101.58 |
| 16 | ഫിസ്ക്കൽ കമ്മി (കോടിയിൽ) | 9.84 | 47.41 | 65.63 | 57.63 | 63.81 | 50.69 |
| 17 | ഫിസ്ക്കൽ കമ്മി വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) | ബാധകമല്ല | | 38.43 | 12.19 | 10.72 | 20.56 |
| 18 | കടം നാളിതുവരെ (കോടിയിൽ) | ബാധകമല്ല | 217.34 | 282.40 | 351.39 | 399.96 | 463.37 |
| 19 | വാർഷിക വളർച്ചാ നിരക്ക് (കടം നാളിതുവരെ ശതമാനത്തിൽ) | ബാധകമല്ല | | 29.93 | 24.43 | 13.82 | 15.85 |

| | ഇനം | 1975-76 | 1976-77 | 1977-78 | 1978-79 | 1979-80 | 1980-81 |
|---|---|---|---|---|---|---|---|
| 1 | 2 | 9 | 10 | 11 | 12 | 13 | 14 |
| 1 | റവന്യു വരവിനം (കോടിയിൽ) | 351.56 | 386.18 | 444.94 | 522.15 | 591.62 | 640.38 |
| 2 | വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 22.08 | 9.85 | 15.22 | 17.35 | 13.30 | 8.24 |
| 3 | ആഭ്യന്തര നികുതി വരവിനം | 159.70 | 186.50 | 213.36 | 254.24 | 290.80 | 336.55 |
| 4 | വാർഷിക വളർച്ചാ നിരക്ക് | 29.24 | 16.78 | 14.40 | 19.16 | 14.38 | 15.73 |
| 5 | നികുതിയേതര വരവിനം | 130.15 | 134.73 | 162.52 | 192.75 | 164.16 | 152.43 |
| 6 | വാർഷിക വളർച്ചാ നിരക്ക് | 10.98 | 3.52 | 20.63 | 18.60 | -14.83 | -7.15 |
| 7 | വനം | 21.92 | 26.18 | 31.78 | 35.06 | 44.01 | 45.73 |
| 8 | വാർഷിക വളർച്ചാ നിരക്ക് | 20.64 | 19.43 | 21.39 | 10.32 | 25.53 | 3.91 |
| 9 | നികുതിയേതര റവന്യു (വനം ഒഴികെ) | 108.23 | 108.55 | 130.74 | 157.69 | 120.15 | 106.70 |
| 10 | വാർഷിക വളർച്ചാ നിരക്ക് | 9.21 | 0.30 | 20.44 | 20.61 | -23.81 | -11.19 |
| 11 | റവന്യു ചെലവ് (കോടിയിൽ) | 355.05 | 389.48 | 415.89 | 479.94 | 533.78 | 667.61 |
| 12 | വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 23.43 | 9.70 | 6.78 | 15.40 | 11.22 | 25.07 |
| 13 | മൂലധന ചെലവ് (കോടിയിൽ) | 47.39 | 56.80 | 74.91 | 67.14 | 104.17 | 121.86 |
| 14 | റവന്യു കമ്മി (ആർ ഡി) | 3.49 | 3.30 | -29.05 | -42.21 | -57.84 | 27.23 |
| 15 | വളർച്ചാ നിരക്ക് (ശതമാനത്തിൽ) | -1225.81 | -5.44 | -980.30 | 45.30 | 37.03 | -147.08 |
| 16 | ഫിസ്കൽ കമ്മി (കോടിയിൽ) | 59.08 | 69.93 | 60.40 | 55.77 | 85.88 | 178.99 |
| 17 | ഫിസ്കൽ കമ്മി വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 16.55 | 18.36 | -13.63 | -7.67 | 53.99 | 108.42 |
| 18 | കടം നാളിതുവരെ (കോടിയിൽ) | 524.40 | 577.43 | 662.61 | 755.85 | 947.99 | 1041.60 |
| 19 | വാർഷിക വളർച്ചാ നിരക്ക് (കടം നാളിതുവരെ ശതമാനത്തിൽ) | 13.17 | 10.11 | 14.75 | 14.07 | 25.42 | 9.87 |

| | ഇനം | 1981-82 | 1982-83 | 1983-84 | 1984-85 | 1985-86 | 1986-87 |
|---|---|---|---|---|---|---|---|
| 1 | 2 | 15 | 16 | 17 | 18 | 19 | 20 |
| 1 | റവന്യൂ വരവിനം (കോടിയിൽ) | 850.48 | 810.20 | 934.26 | 1124.99 | 1371.17 | 1502.53 |
| 2 | വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 32.81 | -4.74 | 15.31 | 20.42 | 21.88 | 9.58 |
| 3 | ആഭ്യന്തര നികുതി വരവിനം | 374.21 | 438.34 | 486.77 | 621.65 | 730.50 | 813.90 |
| 4 | വാർഷിക വളർച്ചാ നിരക്ക് | 11.19 | 17.14 | 11.05 | 27.71 | 17.51 | 11.42 |
| 5 | നികുതിയേതര വരവിനം | 305.49 | 185.91 | 238.01 | 270.06 | 432.18 | 349.44 |
| 6 | വാർഷിക വളർച്ചാ നിരക്ക് | 100.41 | -39.14 | 28.02 | 13.47 | 60.03 | -19.14 |
| 7 | വനം | 51.91 | 49.64 | 40.75 | 33.92 | 42.55 | 48.25 |
| 8 | വാർഷിക വളർച്ചാ നിരക്ക് | 13.51 | -4.37 | -17.91 | -16.76 | 25.44 | 13.40 |
| 9 | നികുതിയേതര റവന്യൂ (വനം ഒഴികെ) | 253.58 | 136.27 | 197.26 | 236.14 | 389.63 | 301.19 |
| 10 | വാർഷിക വളർച്ചാ നിരക്ക് | 137.66 | -46.26 | 44.76 | 19.71 | 65.00 | -22.70 |
| 11 | റവന്യൂ ചെലവ് (കോടിയിൽ) | 754.50 | 783.39 | 992.44 | 1138.66 | 1445.34 | 1654.77 |
| 12 | വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 13.02 | 3.83 | 26.69 | 14.73 | 26.93 | 14.49 |
| 13 | മൂലധന ചെലവ് (കോടിയിൽ) | 132.92 | 128.47 | 208.13 | 167.04 | 205.82 | 211.04 |
| 14 | റവന്യൂ കമ്മി (ആർ. ഡി) | -95.98 | -26.81 | 58.18 | 13.67 | 74.17 | 152.24 |
| 15 | വളർച്ചാ നിരക്ക് (ശതമാനത്തിൽ) | -452.48 | -72.07 | -317.01 | -76.50 | 442.57 | 105.26 |
| 16 | ഫിസ്ക്കൽ കമ്മി (കോടിയിൽ) | 61.70 | 122.88 | 299.31 | 232.26 | 322.31 | 440.78 |
| 17 | ഫിസ്ക്കൽ കമ്മി വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) | -65.53 | 99.16 | 143.58 | -22.40 | 38.77 | 36.76 |
| 18 | കടം നാളിതുവരെ (കോടിയിൽ) | 1133.20 | 1505.18 | 1740.94 | 1929.90 | 2319.48 | 2596.65 |
| 19 | വാർഷിക വളർച്ചാ നിരക്ക് (കടം നാളിതുവരെ ശതമാനത്തിൽ) | 8.79 | 32.83 | 15.66 | 10.85 | 20.19 | 11.95 |

# തെരഞ്ഞെടുത്ത സൂചികകൾ

| | ഇനം | 1987-88 | 1988-89 | 1989-90 | 1990-91 | 1991-92 | 1992-93 | 1993-94 |
|---|---|---|---|---|---|---|---|---|
| 1 | 2 | 21 | 22 | 23 | 24 | 25 | 26 | 27 |
| 1 | റവന്യു വരവിനം (കോടിയിൽ) | 1586.09 | 1897.06 | 2047.64 | 2402.94 | 2852.12 | 3318.70 | 3921.76 |
| 2 | വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 5.56 | 19.61 | 7.94 | 17.35 | 18.69 | 16.36 | 18.17 |
| 3 | ആഭ്യന്തര നികുതി വരവിനം | 925.23 | 1065.47 | 1232.51 | 1340.36 | 1673.94 | 1886.94 | 2344.87 |
| 4 | വാർഷിക വളർച്ചാ നിരക്ക് | 13.68 | 15.16 | 15.68 | 8.75 | 24.89 | 12.72 | 24.27 |
| 5 | നികുതിയേതര വരവിനം | 371.53 | 394.79 | 359.23 | 208.81 | 234.71 | 279.40 | 322.92 |
| 6 | വാർഷിക വളർച്ചാ നിരക്ക് | 6.32 | 6.26 | -9.01 | -41.87 | 12.40 | 21.50 | 15.58 |
| 7. | വനം | 40.05 | 33.74 | 32.16 | 37.33 | 55.64 | 78.71 | 102.96 |
| 8 | വാർഷിക വളർച്ചാ നിരക്ക് | -16.99 | -15.76 | -4.68 | 16.08 | 49.05 | 41.46 | 30.81 |
| 9 | നികുതിയേതര റവന്യു (വനം ഒഴികെ) | 331.48 | 361.05 | 327.07 | 167.05 | 174.32 | 200.69 | 219.96 |
| 10 | വാർഷിക വളർച്ചാ നിരക്ക് | 10.06 | 8.92 | -9.41 | -48.93 | 4.35 | 15.13 | 9.60 |
| 11 | റവന്യു ചെലവ് (കോടിയിൽ) | 1780.68 | 2061.00 | 2298.09 | 2824.98 | 3216.47 | 3656.14 | 4293.36 |
| 12 | വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 7.61 | 15.74 | 11.50 | 22.93 | 13.86 | 13.67 | 17.43 |
| 13 | മുലധന ചെലവ് (കോടിയിൽ) | 167.40 | 180.29 | 232.29 | 255.97 | 286.12 | 277.90 | 363.33 |
| 14 | റവന്യു കമ്മി (ആർ. ഡി) | 194.59 | 163.94 | 250.45 | 422.04 | 364.35 | 337.44 | 371.60 |
| 15 | വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 27.82 | -15.75 | 52.77 | 68.51 | -13.67 | -7.39 | 10.12 |
| 16 | ഫിസ്ക്കൽ കമ്മി (കോടിയിൽ) | 448.09 | 412.13 | 604.53 | 798.57 | 803.45 | 732.02 | 935.45 |
| 17 | ഫിസ്ക്കൽ കമ്മി വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 1.66 | -8.03 | 46.68 | 32.10 | 0.61 | -8.89 | 27.79 |
| 18 | കടം നാളിതുവരെ (കോടിയിൽ) | 2964.50 | 3359.08 | 3941.87 | 4716.79 | 5466.56 | 6297.13 | 7198.67 |
| 19 | വാർഷിക വളർച്ചാ നിരക്ക് (കടം നാളിതുവരെ ശതമാനത്തിൽ) | 14.16 | 13.31 | 17.35 | 19.66 | 15.90 | 15.19 | 14.32 |

# തെരഞ്ഞെടുത്ത സൂചികകൾ

| | ഇനം | 1994-95 | 1995-96 | 1996-97 | 1997-98 | 1998-99 | 1999-00 | 2003-04 |
|---|---|---|---|---|---|---|---|---|
| 1 | 2 | 27 | 28 | 29 | 30 | 31 | 32 | 33 |
| 1 | റവന്യൂ വരവിനം (കോടിയിൽ) | 4666.42 | 5423.56 | 6145.07 | 7118.19 | 7198.12 | 7941.75 | 11815.37 |
| 2 | വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 18.99 | 16.23 | 13.30 | 15.84 | 1.12 | 10.33 | |
| 3 | ആഭ്യന്തര നികുതി വരവിനം | 2799.09 | 3382.68 | 3898.50 | 4501.05 | 4649.56 | 5193.50 | 8088.78 |
| 4 | വാർഷിക വളർച്ചാ നിരക്ക് | 19.37 | 20.85 | 15.25 | 15.46 | 3.30 | 11.70 | |
| 5 | നികുതിയേതര വരവിനം | 396.35 | 535.49 | 513.80 | 552.11 | 557.66 | 530.71 | 806.98 |
| 6 | വാർഷിക വളർച്ചാ നിരക്ക് | 22.74 | 35.11 | -4.05 | 7.46 | 1.04 | -4.87 | |
| 7 | വനം | 136.88 | 160.77 | 162.00 | 144.91 | 121.03 | 109.88 | NA |
| 8 | വാർഷിക വളർച്ചാ നിരക്ക് | 32.94 | 17.45 | 0.77 | -10.55 | -16.48 | -9.21 | NA |
| 9 | നികുതിയേതര റവന്യൂ (വനം ഒഴികെ) | 259.47 | 374.72 | 351.80 | 407.20 | 436.83 | 420.83 | NA |
| 10 | വാർഷിക വളർച്ചാ നിരക്ക് | 17.96 | 44.42 | -6.12 | 15.75 | 7.28 | -3.66 | NA |
| 11 | റവന്യൂ ചെലവ് (കോടിയിൽ) | 5066.30 | 5826.38 | 6788.10 | 8241.09 | 9228.08 | 11565.96 | 15495.67 |
| 12 | വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 18.00 | 15.00 | 16.51 | 21.40 | 11.98 | 25.33 | |
| 13 | മൂലധന ചെലവ് (കോടിയിൽ) | 446.01 | 563.47 | 622.52 | 738.87 | 651.63 | 648.18 | 1931.65 |
| 14 | റവന്യൂ കമ്മി (ആർ. ഡി) | 399.88 | 402.82 | 643.03 | 1122.90 | 2029.96 | 3624.21 | -3680.30 |
| 15 | വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 7.61 | 0.74 | 59.63 | 74.63 | 80.78 | 78.54 | |
| 16 | ഫിസ്ക്കൽ കമ്മി (കോടിയിൽ) | 1108.65 | 1302.66 | 1542.48 | 2413.85 | 3012.20 | 4008.17 | -5539.05 |
| 17 | ഫിസ്ക്കൽ കമ്മി വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 18.52 | 17.50 | 18.41 | 56.49 | 24.79 | 50.61 | |
| 18 | കടം നാളിതുവരെ (കോടിയിൽ) | 8820.87 | 10113.54 | 11420.91 | 12868.14 | 15700.28 | 20176.00 | 37452.00 |
| 19 | വാർഷിക വളർച്ചാ നിരക്ക് (കടം നാളിതുവരെ ശതമാനത്തിൽ) | 22.53 | 14.65 | 12.93 | 12.67 | 22.01 | 28.51 | |

# ജനസംഖ്യാശാസ്ത്രം

(ഡോ. ആർ.എസ്. കുറുപ്പിന്റെ ജനസംഖ്യാശാസ്ത്രത്തിന് ഒരു മുഖവുര എന്ന കൃതിയിൽ നിന്ന് തെരഞ്ഞെടുത്തത്.)

## നിരക്കുകളും അനുപാതങ്ങളും

ജനസംഖ്യയുടേയും അതിന്റെ ഘടകങ്ങളുടേയും പഠനത്തിൽ സ്ഥിതിവിവരങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. ഓരോ ഇനത്തിലും എത്ര ആളുകളുണ്ട് എന്ന് അറിയുന്നത് പല വിധത്തിലുള്ള ആസൂത്രണത്തിനും സഹായകരമാണ്. മാതൃ ശിശു സംരക്ഷണ പരിപാടികളുടെ ആസൂത്രണത്തിന് ഓരോ വർഷവും ഗർഭവതികളാകുന്ന സ്ത്രീകളുടേയും പ്രസവിക്കുന്ന സ്ത്രീകളുടേയും സംഖ്യ ആവശ്യമാണ് സാംക്രമിക രോഗങ്ങളിൽ നിന്നുണ്ടാകുന്ന മരണങ്ങളുടെ എണ്ണം . കുത്തിവെയ്ക്കുന്നതിനുള്ള സൗകര്യങ്ങളും മരുന്നും എത്രമാത്രം വേണമെന്ന് നിർണ്ണയിക്കുവാൻ സഹായകരമാണ്. പ്രസവങ്ങളുടേയും സജീവ ജനനങ്ങളുടേയും സംഖ്യ ഭാവിയിൽ എത്രമാത്രം സ്കൂളുകളും വീടുകളും നിർമ്മിക്കണമെന്ന് തിട്ടപ്പെടുത്തുവാൻ ഉപകരിക്കുന്നു. ആശുപത്രികളിൽ എത്രമാത്രം, കിടക്കൾ ഉണ്ടാകണമെന്ന് ജനസംഖ്യയുടെ മാറ്റം കൂടി പരിഗണിച്ചാണ് തീരുമാനിക്കുന്നത്. ഇങ്ങനെ സംഖ്യകൾ ആവശ്യമുള്ള പല ആസൂത്രണമേഖലകളും ഉണ്ടെന്ന് നിഷ്പ്രയാസം മനസ്സിലാക്കാം.

ജനസംഖ്യയുടെ മതിപ്പുകണക്കുകൾ തയ്യാറാക്കുമ്പോൾ സജീവജനനങ്ങളുടെ സംഖ്യ അടിസ്ഥാന ജനസംഖ്യയോടുകൂട്ടുകയും മരണങ്ങളുടെ സംഖ്യ കുറക്കുകയും ചെയ്യുന്നു. ദേശാന്തരഗമനത്തെ പറ്റിയുള്ള സ്ഥിതിവിവരങ്ങളും കൂടി കണക്കിലെടുത്താൽ ആകെ ജനസംഖ്യയെപ്പറ്റിയുള്ള കണക്കുകളും വയസ്, ലിംഗം വൈവാഹികാവസ്ഥ തുടങ്ങിയ ചരങ്ങൾ അനുസരിച്ചുള്ള കണക്കുകളും തയ്യാറാക്കാം.

ഈ സംഖ്യകൾ എത്രമാത്രം ഉപയോഗപ്രദമാണെങ്കിലും സ്ഥിതിവിവരങ്ങൾ വിശദീകരിക്കുമ്പോൾ ഇവ തമ്മിലുള്ള ബന്ധങ്ങളായിരിക്കും കൂടുതൽ സഹായകമാകുക. ജനസംഖ്യയുമായി ജനനമരണങ്ങളുടെ എണ്ണത്തെ താരതമ്യപ്പെടുത്തി , ഓരോ ജനസംഖ്യാവിഭാഗത്തിലും ജനനമരണങ്ങളുടെ സംബന്ധം എത്രയെന്ന് കണ്ടുപിടിക്കുവാൻ സാധിക്കും ജനസംഖ്യാപഗ്രഥനത്തിന് ഈ വിധത്തിലുള്ള പല ആപേക്ഷിക സംഖ്യകളും ഉപയോഗിക്കാറുണ്ട് ഇവയെപ്പറ്റിയാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

## ആപേക്ഷിക സംഖ്യകൾ

ജനനമരണക്കണക്കുകളെ സംബന്ധിച്ചിടത്തോളം ജനനമരണങ്ങൾ ഒരു സെറ്റായും ഈ സംഭവങ്ങൾ നടക്കുന്ന ജനസംഖ്യ മറ്റൊരു സെറ്റായും പരിഗണിക്കാം. പല ശാസ്ത്രജ്ഞന്മാരും ഈ നിരക്കുകളെ സംഭവ്യതയുടെ (Probability) അളവായി കണക്കാക്കാറുണ്ട് ഇവ സാധാരണഗതിയിൽ ശരിയായി മനസ്സിലാക്കുന്നവിധത്തിൽ വിശദീകരിക്കുവാൻ കഴിയുന്നതിനാൽ വളരെ വിലപ്പെട്ടവയാണ് എങ്കിലും എല്ലാ നിരക്കുകളും സംഭവ്യതയുടെ അളവുകളായി

വിശദീകരിക്കുവാൻ വിഷമമാണ്. അവയുടെ ഏകദേശരൂപത്തിൽ പോലും പരിഗണിക്കുവാൻ സാധ്യമല്ല. അതിനാൽ ഈ വിഷയത്തിന്റെ സാങ്കേതിക സ്വഭാവത്തിലേക്ക് കടക്കണമെന്ന് ഇവിടെ ഉദ്ദേശിക്കുന്നില്ല. സാങ്കേതികമായി നോക്കിയാൽ ചില നിരക്കുകൾ വാസ്തവത്തിൽ അനുപാതങ്ങളാണ്.

ജനസംഖ്യയുടേയും ജനനമരണക്കണക്കുകളുടേയും അപഗ്രഥനത്തിൽ പല അനുപാതങ്ങളും ഉപയോഗിക്കാറുണ്ട്. ഉദാഹരണമായി , ഒരു കാരണം കൊണ്ടുള്ള മരണത്തിന്റെ സംഖ്യക്ക് ആകെയുള്ള മരണങ്ങളുടെ സംഖ്യയോടുള്ള അനുപാതം; ഇരട്ട ജനനങ്ങൾക്ക് ആകെയുള്ള ജനനങ്ങളോടുള്ള അനുപാതം, തുടങ്ങിയവ. ഇത്തരത്തിലുള്ള സൂചികകൾക്ക് വളരെ പ്രധാനപ്പെട്ട ഉപയോഗങ്ങളുണ്ടെങ്കിലും അവ ചിലപ്പോൾ വ്യാജ ഫലങ്ങൾ തരുന്നുണ്ടെന്ന് ഓർക്കണം. പ്രത്യേകിച്ച് ഒരു സമൂഹത്തിലെ രണ്ടുവർഷങ്ങളിലെ സ്ഥിതി താരതമ്യപ്പെടുത്തുമ്പോൾ. അതിനാൽ സാധാരണ ഉപയോഗത്തിലിരിക്കുന്ന പ്രധാനപ്പെട്ട നിരക്കുകൾ ഇത്തരത്തിലുള്ള താരതമ്യപഠനത്തിന് ഉപയോഗിക്കേണ്ടിവരും.

## ജനനങ്ങളെ സംബന്ധിക്കുന്ന നിരക്കുകളും അനുപാതങ്ങളും

ജനനങ്ങളെ സംബന്ധിക്കുന്ന നിരക്കുകളിൽ പ്രധാനമായതും വളരെ പ്രചാരത്തിലിരിക്കുന്നതും ആയ നിരക്കിന് ജനനനിരക്ക് എന്നു പറയുന്നു. സജീവ ജനനങ്ങൾ മാത്രമാണ് ഈ കണക്കുകൂട്ടലിന് ഉപയോഗിക്കുന്നത്. 1000 ജനങ്ങൾക്ക് ഒരു വർഷം എത്ര സജീവജനനങ്ങൾ ഉണ്ടാകുന്നു എന്നാണ് ഇത് കാണിക്കുന്നത് ഒരോ വർഷത്തേയും വർഷാർദ്ധജനസംഖ്യയാണ് ഇതിന്റെ ഛേദമായി എടുക്കുന്നത്.

$$\text{ജനനനിരക്ക്} = \frac{\text{നിശ്ചിത വർഷത്തിൽ നിശ്ചിത പ്രദേശത്തു നടന്ന സജീവജനനങ്ങൾ}}{\text{ആ പ്രദേശത്തെ ആ വർഷം മധ്യത്തിലുണ്ടായിരുന്ന ജനസംഖ്യ}} \times 100$$

ജനനങ്ങളുടെ സംഭാവ്യതയായി ഇതിനെ കണക്കാക്കുവാൻ വിഷമമുണ്ട് എന്തെന്നാൽ ഛേദത്തിലുള്ള സംഖ്യയിൽ ഉൾപ്പെടുന്ന എല്ലാവർക്കും ഉണ്ടാകാവുന്ന ഒരു സംഭവമല്ല അംശത്തിലുള്ളത്. എങ്കിലും ജനസംഖ്യയിൽ ജനനങ്ങൾ മൂലമുണ്ടാകുന്ന വർദ്ധനയുടെ വേഗം അളക്കുവാനുള്ള ഒരു സൂചികയായി ഇതിനെ കണക്കാക്കാം. ജനങ്ങളെ ബാധിക്കുന്ന വയോ വിഭാഗങ്ങളും ലിംഗഭേദങ്ങളും സന്താനോൽപ്പാ ദനശേഷിയും എല്ലാം കണക്കിലെടുത്ത് ഉണ്ടാകുന്ന ഒരു മിശ്രസൂചികയാണിത്. സന്താനോല്പാദനത്തിൽ ജനങ്ങൾ തമ്മിലുള്ള വ്യത്യാസത്തെ ഇത് പൊതുവേ പ്രതിഫലിപ്പിക്കുന്നു. എങ്കിലും ജനസംഖ്യയുടെ ഘടനയിലേയും സ്ത്രീപുരഷാനുപാതത്തിലേയും വ്യത്യാസങ്ങൾ ഇതിൽ പ്രതിഫലിക്കാത്തതിനാൽ രണ്ടു ജനവിഭാഗങ്ങളെ താരതമ്യപ്പെടുത്തുവാൻ ഈ സൂചികപോരാതെയാണിരിക്കുന്നത്. ഈ തകരാറു നീക്കി ഒരു സാമാന്യ സന്താനോൽപ്പാദനശേഷി നിരക്ക് ഉണ്ടാക്കാം.

$$\text{സാമാന്യ സന്താനോൽപ്പാദനശേഷി നിരക്ക്} = \frac{\text{നിശ്ചിതവർഷത്തിൽ നിശ്ചിത പ്രദേശത്ത് നടന്ന സജീവജനനങ്ങൾ}}{\text{ആ പ്രദേശത്തെ ആ വർഷത്തെ 15 മുതൽ 44 വരെ വയസ്സുള്ള സ്ത്രീകളുടെ വർഷാർധസംഖ്യ}} \times 100$$

സന്താനോൽപ്പാദനം നടക്കുന്ന സാധാരണ വയോവിഭാഗമാണ് 15 മുതൽ 44 വരെ എന്ന് ഇവിടെ സങ്കൽപ്പിച്ചിരിക്കുന്നു. 15 മുതൽ 49 വരെ വയസ്സും 20 മുതൽ 44 വരെ വയസ്സും 20 മുതൽ 49 വരെ വയസ്സും 10 മുതൽ 44 വരെ വയസ്സും 10 മുതൽ 49 വരെ വയസ്സും ഇതിന് ഉപയോഗിക്കാവുന്നതാണ്. ഈ നിരക്കിൽ സംഭാവ്യത കുടി വിഭാവന ചെയ്യുവാൻ സാധിക്കും. ഇതിനെ ഒന്നുകുടി സംസ്കരിച്ച് വൈവാഹിക സന്തോനോൽപ്പാദന ശേഷി നിരക്ക് കണ്ടുപിടിക്കാം. എല്ലാസ്ത്രീകളേയും ഛേദത്തിൽ പരിഗണിക്കുന്നതിനുപകരം വിവാഹിതരായവരെ മാത്രം പരിഗണിക്കുകയാണ് ഇതിന് വേണ്ടത്. അന്തർ ദേശീയ താരതമ്യപഠനത്തിന് ഈ നിരക്ക് അത്ര നല്ലതല്ലന്ന് പറയുവാൻ വിഷമമാണ്.

പുരുഷൻമാരുടെ സംഖ്യ ഛേദത്തിലെടുത്തും മേൽപ്പറഞ്ഞ നിരക്കുകൾ കണ്ടുപിടിക്കാം. 15 മുതൽ 64 വരെ വയസ്സുള്ള പുരുഷൻമാരുടെ വർഷാർധസംഖ്യ ഇതിനുപയോഗിക്കാം.

വയോവിഭാഗമനുസരിച്ച് സന്താനോൽപ്പാദന നിരക്കിന് വ്യത്യാസം വരാമല്ലോ . ഈ വ്യത്യാസങ്ങൾ പഠിക്കുന്നതിന് വയക്ളിപ്ത സന്താനോൽപ്പാദന നിക്കുകൾ അല്ലെങ്കിൽ വയക്ളിപ്ത ജനനനിരക്കുകൾ കണ്ടുപിടിക്കുന്നു.

ഉദാഹരണമായി :

$$\text{15 മുതൽ 19 വരെ വയസ്സുള്ള സ്ത്രീകളെ സംബന്ധിച്ചിടത്തോളം വയക്ളിപ്ത ജനനനിരക്ക്} = \frac{\text{15 മുതൽ 19 വയസ്സുവരെ സ്ത്രീകൾക്കുണ്ടാകുന്ന സജീവ ജനനങ്ങൾ}}{\text{15 മുതൽ 19 വയസ്സുവരെ സ്ത്രീകളുടെ വർഷാർദ്ധ സംഖ്യ}} \times 100$$

ഇതുപോലെ ഓരോ വയോവിഭാഗത്തിനും നിരക്കുകൾ ഉണ്ടാക്കാം. പുരുഷന്മാരുടെ സന്താനോൽപ്പാദന നിരക്കും ഇതുപോലെ നിർവചിക്കാം. ഈ നിരക്ക് കണ്ടുപിടിക്കുമ്പോൾ വയസനുസരിച്ചുള്ള ജനസംഖ്യ കൃത്യമായി ലഭിക്കണം. മാത്രമല്ല സജീവജനനങ്ങൾ നടന്നത് ഏതു വയോവിഭാഗത്തിലുള്ളവർക്കാണെന്ന് അറിയണം.

വയസ് ക്ളിപ്തപെടുത്തുന്നതുപോലെ വേറെ ഏതെങ്കിലും ചരം ക്ളിപ്തപ്പെടുത്തിയും നിക്കുകൾ കണ്ടുപിടിക്കാം. തൊഴിൽ, സാക്ഷരത, വിദ്യാഭ്യാസ യോഗ്യത വിവാഹകാലം, എത്രാമത്തെ പ്രസവം ഇങ്ങനെ പല ചരങ്ങളും ഇതിന് ഉപയോഗിക്കാറുണ്ട്.

ജനനാനുപാതങ്ങളും ചിലപ്പോൾ കണ്ടുപിടിക്കാറുണ്ട് ഉദാഹരണമായി 15 മുതൽ 19 വരെ വയസ്സുള്ള സ്ത്രീകൾക്കുണ്ടായ സജീവജനനങ്ങൾ ആകെയുള്ള സജീവജനനങ്ങളുടെ എത്ര ഭാഗമാണ് എന്ന് കണ്ടുപിടിക്കാം. വിവാഹകാലത്തെ പലതായി തരംതിരിച്ച് 5 വർഷം വരെ

വിവാഹകാലമുള്ള സ്ത്രീകൾക്കുണ്ടായ സജീവ ജനനങ്ങൾ ആകെ സജീവ ജനനങ്ങളുടെ എത്രഭാഗമാണ് അല്ലെങ്കിൽ ശതമാനമാണ് എന്നുകണ്ടുപിടിക്കാം. ഒന്നാമത്തെ ശിശുക്കൾ ജനിച്ചിട്ടുള്ളതിന്റെ സംഖ്യയ്ക്ക് ആകെ സജീവജനനങ്ങളുമായിട്ടുള്ള അനുപാതം അല്ലെങ്കിൽ ശതമാനം കണ്ടുപിടിക്കാം. ഇവിടെയെല്ലാം ശരിയായിനിർവ്വചിച്ച ജനവിഭാഗം, വർഷം എന്നിവയും ഓരോ വിഭാഗത്തിനുമുണ്ടായ സജീവ ജനനങ്ങൾ എന്നിവയും ഉണ്ടായിരിക്കണം. ഓരോ വിഭാഗത്തിൽ ഉൾപ്പെടുത്താൻ സാധിക്കാതെ വരുന്ന സജീവ ജനനങ്ങളെ ആനുപാതികമായി വിതരണം ചെയ്യുകയാണ് സാധാരണ ചെയ്യാറുള്ളത്. ഇത് എപ്പോഴും ശരിയായ ഫലം നൽകണമെന്ന് നിർബന്ധമില്ല. പരിഗണിക്കുന്ന ചരങ്ങൾ അനുസരിച്ച് ഈ വിതരണത്തിന്റെ വിശ്വാസയോഗ്യത വ്യതിചലിക്കുമെന്നുകൂടി ഓർക്കേണ്ടതാണ്.

## മരണത്തെസംബന്ധിച്ച നിരക്കുകളും അനുപാതങ്ങളും

രണ്ടുകാരണങ്ങൾകൊണ്ട് മരണ നിരക്ക് ഏറ്റവും പ്രാധാന്യമുള്ള നിരക്കായി കണക്കാക്കപ്പെടുന്നു. ഒന്ന്. അതു കണ്ടുപിടിക്കുവാനുള്ള എളുപ്പം; ആകെ മരണങ്ങളും ജനസംഖ്യയും ഉണ്ടായിരുന്നാൽ മതി. രണ്ട് ജനസംഖ്യാവിശകലനത്തിനും പൊതുജനാരോഗ്യപഠനത്തിനും വിലപ്പെട്ട ഒരു സൂചികയാണത്. ഒരു മനുഷ്യന്റെ മരണ സാദ്ധ്യത അതിൽ നിന്നു കിട്ടുന്നു. ആരോഗ്യ നിലവാരത്തിന്റെ ഒരു ഏകദേശയളവ് അതിൽ നിന്നുലഭിക്കുന്നുണ്ട്.

$$\text{മരണനിരക്ക്} = \frac{\text{ഒരു ക്ളിപ്ത ഭുവിഭാഗത്തിൽ ഒരു ക്ളിപ്ത വർഷത്തിൽ നടന്ന മരണങ്ങൾ}}{\text{ആ ഭുവിഭാഗത്തിന്റെ ആവർഷത്തെ വർഷാർദ്ധ ജനസംഖ്യ}} \times 100$$

വയസനുസരിച്ചും മറ്റും മരണത്തിന് ഭേദം വരുന്നതിനാൽ രണ്ടു ജനവിഭാഗങ്ങളെ തമ്മിൽ താരതമ്യപ്പെടുത്തുവാൻ മരണനിരക്ക് ഉപയോഗിക്കുന്നതിനെതിരെ മുന്നറിയിപ്പ് കൊടുക്കാറുണ്ട്. വയസായവർ കൂടുതൽ ഉള്ള ജനസംഖ്യയിൽ മരണത്തിന്റെ എണ്ണവും നിരക്കും കൂടിയിരിക്കുമല്ലോ. അതുപോലെ സ്ത്രീപുരുഷൻമാർ തമ്മിലും നിരക്ക് വ്യത്യാസമുണ്ട്. അതിനാൽ എല്ലാ വിഭാഗങ്ങളേയും ഒരു പോലെ പരിഗണിക്കുന്ന ഒരു പൊതു നിരക്ക് ശരിയായ മാനദണ്ഡം ആയിരിക്കുകയില്ല.

സാധാരണഗതിയിൽ ഒരേ ജനവിഭാഗത്തിന് വർഷം തോറും ഉണ്ടാകുന്ന വ്യതിയാനങ്ങൾ മന്ദഗതിയിലായതിനാൽ വർഷങ്ങൾ തമ്മിലുള്ള താരതമ്യപഠനത്തിന് മരണ നിരക്ക് ഉപകരിക്കുന്നു. വളരെ വർഷങ്ങളിലെ വ്യതിയാനങ്ങൾ പഠിക്കുമ്പോൾ ജനസംഖ്യാവ്യതിയാനത്തിന്റെ സ്വാധീനം മനസ്സിലാക്കിയിട്ടുവേണം മരണനിരക്കുകൊണ്ടുള്ള താരതമ്യപഠനം നടത്തുവാൻ. പല ജനസംഖ്യകളിലും ഒരേവിധത്തിലുള്ള മാറ്റമായിരിക്കും വരുന്നതെങ്കിൽ ഈ നിരക്കിനെ മരണത്തിന്റെ വിലപ്പെട്ട സൂചികയായി കണക്കാക്കാം.

നിശ്ചിതകാരണങ്ങൾ കൊണ്ടുള്ള മരണനിരക്കും രണ്ടുവിധത്തിൽ കണ്ടുപിടിക്കാറുണ്ട്. ഒന്ന്, ആകെ ജനസംഖ്യയുമായി നിശ്ചിതകാരണം കൊണ്ടുള്ള മരണത്തിന്റെ എണ്ണത്തിനുള്ള അനുപാതം കണ്ട് 100,000 കൊണ്ട് ഗുണിക്കുക. രണ്ട്, ഒരു പ്രത്യേക ജനസംഖ്യാവിഭാഗവുമായിട്ടുള്ള അനുപാതം കണ്ടുപിടിക്കുക. ഇവിടെ ആ ക്ളിപ്ത കാരണം ഉണ്ടാകുവാൻ സാധ്യതയുള്ള ജനസംഖ്യാ വിഭാഗമാണ് പരിഗണിക്കുന്നത്. ചെറിയ ദശാംശസംഖ്യകൾ വരാതിരിക്കുവാനാണ് 100,000 കൊണ്ട് ഗുണിക്കുന്നത്. ആകെജനസഖ്യയിൽ ഒരു ക്ളിപ്ത കാരണത്താൽ എന്തുമാത്രം നശിക്കുവാൻ സാദ്ധ്യതയുണ്ടെന്ന് മനസ്സിലാക്കുവാൻ കഴിയുന്നതിനാൽ പൊതുജനാരോഗ്യ ത്തിന്റെ വീക്ഷണകോണുകളിൽ കൂടി നോക്കിയാൽ ഇത് വളരെ പ്രധാനപ്പെട്ട സൂചികയാണെന്ന് കാണാം. മരണനിരക്കിനുള്ള തകരാറുകൾ ഇതിനുമുണ്ട്. കൂടാതെ റിപ്പോർട്ടുചെയ്യുമ്പോൾ വരുന്ന തെറ്റുകളുമുണ്ട്. അതിനാൽ ഈ നിരക്കിൽ വലിയ വിശ്വാസം അർപ്പിക്കുന്നത് നല്ലതല്ല. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകമരണനിക്കുകൾ തയ്യാറാക്കുന്നതും ഓരോ വ്യാവസായിക വിഭാഗത്തിനും ഓരോ തൊഴിൽ വിഭാഗത്തിനും പ്രത്യേകം നിരക്കുകൾ കണ്ടുപിടിക്കുന്നതും വളരെ പ്രയോജനപ്രദമായിരിക്കും.

പ്രസവകാരണങ്ങളാലുള്ള മരണ നിരക്ക് മേൽപറഞ്ഞ വിധത്തിലുള്ള ഒരു നിരക്കാണ്. പ്രസവത്തോടു ബന്ധമുള്ള കാരണങ്ങൾ എത്രമാത്രം അപായകരമാണെന്ന ഇതിൽ നിന്നും മനസ്സിലാക്കാം. എല്ലാ സ്ത്രീകളും ഈ കാരണത്തിന് വിധേയരല്ല. പിന്നയോ ഗർഭം ധരിച്ച സ്ത്രീകൾ മാത്രം ഈ കാരണത്തിന്റെ പരിധിയിൽ വരുന്നു. സജീവ ജനനങ്ങളായാലും നിർജീവജനനങ്ങളായാലും പ്രസവിക്കുന്ന സ്ത്രീകൾ എല്ലാം ഇതിന്റെ ഛേദത്തിൽ ഉൾപ്പെടുന്നു. നിർജീവജനനങ്ങൾ എല്ലാം രജിസ്റ്റർ ചെയ്യപ്പെടുകയോ റിപ്പോർട്ടു ചെയ്യപ്പെടുകയോ ചെയ്യാത്തതിനാൽ ഒരു പ്രസവത്തിൽ ഒന്നിൽ കൂടുതൽ കുട്ടികൾ ചിലപ്പോൾ ജനിക്കാറുള്ളതിനാലും, ഈ നിരക്കിന്റെ ഛേദത്തിൽ പ്രസവിക്കുന്ന എല്ലാ സ്ത്രീകളേയും അല്ല എടുക്കാറുള്ളത്. എല്ലാ സജീവ ജനനങ്ങളുമാണ്.

$$\text{പ്രസവകാരണ മരണനിരക്ക്} = \frac{\text{പ്രസവസംബന്ധമായ കാരണങ്ങൾ കൊണ്ട് ക്ളിപ്ത വർഷത്തിൽ മരിക്കുന്നവരുടെ എണ്ണം}}{\text{ആ പ്രദേശത്ത് ആവർഷം ഉണ്ടായസജീവ ജനനങ്ങൾ}} \times 100$$

നിശ്ചിത വയോവിഭാഗത്തിലുള്ള മരണനിരക്കുകള കണ്ടുപിടിക്കുന്നത് അതിലോരോന്നിലും മരണത്തിന്റെ കാഠിന്യം എങ്ങനെയിരിക്കുന്നു എന്നു മനസ്സിലാക്കുവാൻ സഹായിക്കുന്നു. നിശ്ചിത വിഭാഗത്തിലുള്ള മരണത്തിൻെ സംഖ്യയെ ആ വിഭാഗത്തിലുള്ള വർഷാർദ്ധ ജനസംഖ്യകൊണ്ട് ഹരിച്ച് 1000 കൊണ്ട് ഗുണിച്ചാണ് ഈ നിരക്ക് കണ്ടുപിടിക്കുന്നത്. വയസ് ക്ളിപ്തപ്പെടുത്തുന്നതുപോലെ മതം വിദ്യാഭ്യാസ യോഗ്യത . തൊഴിൽ, വിവാഹകാലം വൈവാഹികാവസ്ഥ തുടങ്ങിയ ചരങ്ങൾ ക്ളിപ്തപ്പെടുത്തിയും ഈ ദൃശ നിരക്കുകൾ കണക്കാക്കാറുണ്ട്.

വളരെ പ്രധാനപ്പെട്ട ഒരു നിരക്കാണ് ശിശുമരണനിരക്ക്. ഒരു വയസ്സിനു മുൻപ് മരിക്കുവാനുള്ള സാധ്യതയാണ് ഇതിൽ നിന്നു കിട്ടുന്നത്. വയസ് ക്ളിപ്തപ്പെടുത്തിയുള്ള നിരക്കു പോലെയാണിത്. പക്ഷേ ഛേദത്തിൽ ഒരു വയസിനു താഴെയുള്ളവരുടെ വർഷാർധ സംഖ്യക്കുപകരം ആകെയുള്ള സജീവ ജനനങ്ങളാണ് പരിഗണിക്കുന്നത്. സെൻസസിലും മറ്റും ഒരു വയസ്സിനു താഴെയുള്ള സംഖ്യ പൂർണ്ണമായി റിപ്പോർട്ടു ചെയ്യാത്തതാണ് ഇതിനുകാരണം. ജനസംഖ്യയുടെ വയസ്സനുസരിച്ചുള്ള മതിപ്പു കണക്കുകൾ ഇല്ലെങ്കിലും ഈ നിരക്ക് കണ്ടുപിടിക്കാം വയസ് ക്ളിപ്തപ്പെടുത്തിയുള്ള നിരക്കായും ഇത് കണക്കുകൂട്ടാറുണ്ട്. സംഭാവ്യതയുടെ ആശയം അനുസരിച്ച് നോക്കിയാൽ ഇതിനു ചില പാകപ്പിഴകളുണ്ടെന്നുകാണാം. ഒരു വർഷം നടക്കുന്ന സജീവജനനങ്ങളിൽ ചിലവ ആവർഷവും മറ്റു ചിലവ അടുത്ത വർഷവും മരിക്കുന്നു. അതിനാൽ ഒരു പ്രത്യേക വിഭാഗത്തെ ഒരു വർഷത്തെ സജീവജനനങ്ങളെ ഒരു വർഷം പിൻതുടർന്ന് അതിൽ എത്ര ശിശുക്കൾ മരിക്കുന്നു. എന്ന കണ്ടുപിടിച്ച് അനുപാതം തയ്യാറാക്കിയാലെ ശിശുമരണത്തിന്റെ സംഭവ്യതയെപ്പറ്റി പഠിക്കുവാൻ കഴിയു. മരണപട്ടിക (mortality table) തയ്യാറാക്കുമ്പോൾ ഈ ആശയമാണ് ഉപയോഗിക്കാറുള്ളത്. പൊതുജനാരോഗ്യത്തിന്റെ വളരെ വിലപ്പെട്ട ഒരു സൂചികയെന്ന നിലക്ക് ജനനവും മരണവും പൂർണ്ണമായും മരണങ്ങളുടെ വയസ് ശരിയായും റിപ്പോർട്ട് ചെയ്തില്ലെങ്കിലുള്ള ദുരവസ്ഥ എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ.

മറ്റൊരു പ്രധാനപ്പെട്ട വയ:ക്ളിപ്ത മരണനിരക്കാണ് പ്രസവാനന്തര (neonatel) മരണനിരക്ക്. ജനിച്ചുകഴിഞ്ഞ് ഒരു മാസം പൂർത്തിയാകുന്നതിനുമുൻപുള്ള മരണങ്ങൾക്ക് ആകെ ആ വർഷമുണ്ടായ സജീവ ജനനങ്ങളോടുള്ള അനുപാതത്തെ 1000 കൊണ്ട് ഗുണിച്ചാണ് ഈ നിരക്ക് കണക്കാക്കുന്നത് ഒരു മാസം എന്നുള്ളത് 28 ദിവസമുള്ള ചാന്ദ്രമാസമായിട്ടാണ് പരിഗണിക്കുക.ഇവിടെയും രജിസ്ട്രഷനിലും റിപ്പോർട്ടിങ്ങിലും ഉള്ള പാകപ്പിഴകൾ നിരക്കിനെ ബാധിക്കാം.

ആദ്യത്തെ ഒരാഴ്ചയിൽ നടക്കുന്ന മരണങ്ങളുടെ സംഖ്യമാത്രം കണക്കാക്കി സജീവ ജനനങ്ങളുമായുള്ള അനുപാതം എടുത്ത് ( 1000 കൊണ്ട് ഗുണിച്ച) സെമാനേറ്റർ മരണനിരക്ക് കണ്ടുപിടിക്കുന്നു.

ഏതെങ്കിലും പ്രത്യേക വിഭാഗങ്ങളിലുള്ള മരണത്തിന്റെ സംഖ്യയെ ആകെയുള്ള മരണങ്ങളുടെ സംഖ്യകൊണ്ട് ഹരിച്ച് ശതമാനം കണക്കാക്കിയാൽ മരണാനുപാതം ലഭിക്കുന്നു. മരണകാരണം കൊണ്ടും വയസ്സുകൊണ്ടും ഉണ്ടാക്കുന്ന വിഭാഗങ്ങളുടെ മരണാനുപാതം വിലയേറിയ സൂചികകളാണ്.

$$\text{നിർജ്ജീവജനനനിരക്ക്} = \frac{\text{28 ആഴ്ചയോ അതിൽ കൂടുതലോ ഗർഭത്തിൽ കഴിഞ്ഞുള്ള നിർജ്ജീവജനനങ്ങളുടെ സംഖ്യ}}{\text{സജീവജനനങ്ങളുടെ സംഖ്യ}} \times 100$$

ഈ നിരക്ക് എന്തുമാത്രം സന്താനോൽപ്പാദനശേഷി പാഴായിപ്പോയി എന്ന് മനസ്സിലാക്കുവാൻ സഹായിക്കുന്നു ഗർഭഛിദ്രംകൂടി കണക്കിലെടുത്താണ് പൂർണ്ണമായും ഈ വസ്തുത പഠിക്കുവാൻ സാധിക്കുന്നതെങ്കിലും പൂർണ്ണഗർഭമായതിനുശേഷം പാഴായിപ്പോയതു പഠിക്കുവാൻ ഈ നിരക്ക് മതിയാകും ഇത് വാസ്തവത്തിൽ ഒരു അനുപാതമാണ്. ചിലപ്പോൾ ആകെയുള്ള ജനങ്ങൾ (നിർജ്ജീവവും സജീവവും) ഛേദത്തിൽ എടുക്കാറുണ്ട്. പെരിനേറ്റൽ മരണനിരക്കിന് . നിയൊനേറ്റൽ മരണങ്ങളും നിർജ്ജീവ ജനനങ്ങളുംകുടി ആകെ ആകെ സജീവ ജനനങ്ങളോടോ ആകെ ജനനങ്ങളോടൊ ഉള്ള അനുപാതം കണ്ടുപിടിച്ച് 1000 കൊണ്ട് ഗുണിക്കാറുണ്ട് ഇവയെല്ലാം ശിശുക്കളുടെഏതെങ്കിലും രോഗാവസ്ഥകൊണ്ടുണ്ടാകുന്ന മരണങ്ങളേക്കാൾ മാതാവിന്റെ രോഗത്തേയും പ്രസവകാല ശുശ്രൂഷയില്ലായ്മയേയും മറ്റും കേന്ദ്രീകരിച്ചുള്ളമരണങ്ങളായി കണക്കാക്കാം. ഏതൊരു ജനവിഭാഗത്തിനും ഈ വിധത്തിലുള്ള മരണങ്ങൾ നിയന്ത്രിക്കേണ്ട ആവശ്യമുണ്ട്. മാതാവിന്റെ ആരോഗ്യപരിപാലന പരിപാടികളാണ് ഇതിന് പ്രധാനം. പെരിനേറ്റൽ മരണങ്ങളിൽ ജനിച്ചതിനുശേഷം ഒരാഴ്ചവരെയുള്ളവ ഉൾപ്പെടുത്തിയാൽ മതിയെന്നും ഒരു അഭിപ്രായഗതിയുണ്ട്.

## സുഖക്കേടുകളുടെ നിരക്കുകൾ

ഒരു സാമാന്യരോഗനിരക്കുകണ്ടുപിടിക്കുവാൻ കഴിഞ്ഞാൽ ജനങ്ങളുടെ ആരോഗ്യത്തെപറ്റിയുള്ള ഒരു സൂചികയായി അതു കണക്കാക്കാം. രണ്ടു ജനവിഭാഗങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തുവാനും സാധിക്കും. പക്ഷേ ഇത്തരത്തിലുള്ള ഒരു ശരിയായ നിരക്കില്ലെന്നുതന്നെ പറയാം. എങ്കിലും ഒരു ഏകദേശരൂപം എന്ന നിലയ്ക്ക് ആകെയുള്ള രോഗികളുടെ എണ്ണത്തെ വർഷാർധ ജനസംഖ്യകൊണ്ട് ഹരിച്ച് 1000 കൊണ്ട് ഗുണിച്ച് സാമാന്യ രോഗനിരക്ക് കണക്കാക്കാറുണ്ട് രോഗികളെ കണ്ടുപിടിക്കുകയാണ് ഇതിൽ ഏറ്റവും വിഷമം ആശുപത്രികളിൽ രോഗികളായി ചികിൽസയ്ക്കുവരുന്നവരോ പ്രത്യേക ഭിഷഗ്വരന്മാർ ചികിൽസിക്കുന്നവരോ അല്ലാതെ അനേകം രോഗികൾ താൽക്കാലിക രോഗങ്ങൾ ബാധിച്ചവരായി കാണാറുണ്ട്. ഒരാളെ രോഗമുള്ളയാളെന്നോ അസുഖ (സുഖക്കേട് )മുള്ളയാളെന്നോ കണക്കാക്കുവാൻ ഒരു പൊതു നിർവചനം ഉണ്ട്. ഒരാൾ ഈ അസുഖംകാരണം സ്വന്തം സാധാരണ ജോലി ചെയ്യാതിരിക്കുന്നുവെങ്കിൽ അയാൾ ആ രോഗത്താൽ ബാധിതനാണ്. മറ്റൊരു ജോലിയും അയാൾ ചെയ്തിരിക്കരുത്. അവധിയോ മറ്റോ എടുത്ത് വെറുതെ ഇരിക്കുകയുമരുത്. ഇവിടെയും ഒരു തകരാറുണ്ട് . രോഗമുണ്ടെങ്കിലും സാധാരണ ജോലിക്ക് പോകുന്ന ആളുകളുണ്ടല്ലോ അതുപോലെ ഒരു നിശ്ചിത സമയ പരിധി (ഒരാഴ്ചയോ, രണ്ടാഴ്ചയോ ഒരു മാസമോ ) കണക്കാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു പൊതു രോഗനിരക്ക് ചിലപ്പോൾ സർവേ നടത്തി കണ്ടുപിടിക്കാറുണ്ട്

ക്ളിപ്തമായ സുഖക്കേടുകളുടെ നിരക്കുകൾ സുഖക്കേടു ബാധിച്ചവരുടെ എണ്ണത്തേയും സുഖക്കേടു ബാധിക്കാൻ സാധ്യതയുള്ളവരുടെ എണ്ണത്തേയും പരിഗണിച്ചുള്ള അനുപാതമായി (1000- ന് എത്ര) തയ്യാറാക്കാറുണ്ട്. ആകെയുള്ള ജനങ്ങളിൽ എത്രപേർക്ക് ഒരു പ്രത്യേക സുഖക്കേടുണ്ടെന്ന് തിട്ടപ്പെടുത്തി 1000 ന് എത്രയെന്നും കണക്കാക്കാറുണ്ട്. ഓരോ രോഗത്തിന്റെയും കാഠിന്യത്തെപറ്റിയും ആക്രമണ ശക്തിയേപ്പറ്റിയും പഠിക്കുവാൻ ഇവ ഉപകരിക്കും.

## വിവാഹനിരക്കുകളും വിവാഹമോചന നിരക്കുകളും

നിയമപരമായതും സാമൂഹ്യമായതുമായ വിവാഹങ്ങളെ ആകെയുള്ള ജനസംഖ്യയുമായി താരതമ്യപ്പെടുത്തി വർഷാർധ ജനസംഖ്യയിൽ 1000 ന് എത്ര വിവാഹങ്ങൾ നടക്കുന്നുവെന്ന് കണക്കാക്കുന്നതാണ് വിവാഹനിരക്ക് ഇവിടെ വയസ്. ലിംഗം , വിദ്യാഭ്യാസയോഗ്യത , തൊഴിൽ എന്നീചരങ്ങൾ ക്ളിപ്തപ്പെടുത്തി നിരക്കുകൾ കണക്കാക്കാം. വിവാഹം കഴിക്കാവുന്ന പ്രായത്തിലുള്ളവർക്ക് നടന്നിട്ടുള്ള വിവാഹങ്ങൾ പരിഗണിച്ച് തയ്യാറാക്കുന്ന നിരക്ക് വളരെ പ്രധാനമാണ്.

വിവാഹമോചനങ്ങളുടെ എണ്ണത്തിന് ജനസംഖ്യയോട് (വർഷാർധ ജനസംഖ്യ) ഉള്ള അനുപാതം (1000-ന്) വിവാഹമോചനനിരക്കാണ്. കറച്ചുകൂടി സംസ്ക്കരിച്ച ഒരു വിവാഹമോചന നിരക്കിന് വിവാഹിതരുടെ എണ്ണത്തെ (വർഷാർധ സംഖ്യ) ഛേദത്തിലെടുത്താൽ മതിയാകും . വയസ്. ലിംഗം , തൊഴിൽ. വിദ്യാഭ്യാസയോഗ്യത എന്നീ ചരങ്ങൾ ക്ളിപ്തപ്പെടുത്തിയും വിവാഹമോചന നിരക്കുകൾ കണ്ടുപിടിക്കാറുണ്ട്.

വിവാഹമോചനം എന്ന് വിവക്ഷിക്കാൻ പ്രയാസമുള്ള വിവാഹം ഒഴിയലുകൾ സാധാരണമാണ്. അവയ്ക്കും ഇത്തരത്തിലുള്ള നിരക്കുകൾ തയ്യാറാക്കാം. ചിലപ്പോൾ അവയെ വിവാഹമോചനമായിത്തന്നെ കണക്കാക്കിയും നിരക്കുകൾ കണ്ടുപിടിക്കുന്നു. വിവാഹകാലം ക്ളിപ്തപ്പെടുത്തിയുള്ള മോചന നിരക്കുകൾ വളരെയേറെ പ്രയോജനപ്രദമാണ്.

## ജനസംഖ്യാ വർദ്ധന നിരക്കും ബന്ധപ്പെട്ട നിരക്കുകളും

ജനസംഖ്യയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ ജനനം, മരണം, ദേശാന്തരഗമനം എന്നിവ കൊണ്ടുണ്ടാകുന്നവയാണല്ലോ ജനനവും. മരണവുംമാത്രമായി സ്വാഭാവവികാസ സംഭവങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു. സ്വാഭാവിക വർദ്ധന നിരക്ക് ജനനനിരക്കിന്റേയും മരണനിരക്കിന്റേയും വ്യത്യാസമാണ്. ദേശാന്തരഗമനം കുടി കണക്കിലെടുത്താൽ വർദ്ധന നിരക്ക് ലഭിക്കുന്നു.

വർദ്ധന നിരക്ക് = ജനനനിരക്ക് - മരണനിരക്ക് + തദ്ദേശത്തേക്കുള്ള ഗമനനിരക്ക് - തദ്ദേശത്തേുനിന്നുള്ള ഗമനനിരക്ക്.

ബന്ധപ്പെട്ട നിരക്കുകളിൽ മൊത്ത സന്താനോൽപ്പാദന നിരക്ക് (gross reproduction rate) വളരെ പ്രധാനപ്പെട്ടതാണ്. ആകെയുള്ള സന്താനോൽപ്പാദന നിരക്കിലെ സ്ത്രീകളുടെ അനുപാതമാണ് ഈ നിരക്ക്. ക്ലിപ്തവയസ്സനുസരിച്ച് സന്താനോൽപ്പാദന ശേഷി നിരക്കുകൾ കണ്ടുപിടിച്ച് അവയെല്ലാം കൂടി കൂട്ടി അതിനെ പെൺ ശിശുക്കളുടെ അനുപാതം കൊണ്ട് ഗുണിച്ചാണ് ഇത് കണ്ടുപിടിക്കുന്നത്. ഇതിന്റെ കണക്കുകൂട്ടലിൽ ജീവിച്ചിരിക്കാനുള്ള സാദ്ധ്യത ഓരോ വയോ വിഭാഗത്തിലും പരിഗണിച്ച് അറ്റ സന്തോനോൽപ്പാദന നിരക്ക് കണ്ടുപിടിക്കുന്നു.

ഒരു സ്റ്റാൻഡാർഡ് ജനസംഖ്യയിലെ വയോവിഭാഗങ്ങളുടെ അനുപാതം എടുത്ത് ഓരോ വയോ വിഭാഗത്തിലെയും ജനനനിരക്കുകളേയോ മരണ നിരക്കുകളേയോ ഗുണിച്ചുകൂട്ടി മാനകീകൃത നിരക്കുകൾ കണ്ടുപിടിക്കാറുണ്ട്. ഇവയുടെ ഉപയോഗം ശരിയായ ജനനമരണതാരതമ്യപഠനങ്ങൾക്ക് വിലയേറിയതാണ്. പ്രത്യക്ഷമായ സ്റ്റാൻഡേഡൈസേഷനും പരോക്ഷമായ സ്റ്റാൻഡേഡൈസേഷനുംഉണ്ട്. രണ്ടാമത്തേതിൽ സ്റ്റാൻഡാർഡ് ജനസംഖ്യയിലെ നിരക്കുകൾ പരിഗണിക്കുമ്പോൾ ആദ്യത്തേതിൽ അതിന്റെ വയോവിഭാഗങ്ങൾ പരിഗണിക്കുന്നു.

## മറ്റ് അനുപാതങ്ങൾ

1 സ്ത്രീ പുരുഷാനുപാതം = $\frac{\text{ആകെയുള്ള സ്ത്രീകൾ}}{\text{ആകെയുള്ള പുരുഷന്മാർ}} \times 100$

ഈ അനുപാതം കണക്കാക്കുമ്പോൾ സാധാരണഗതിയിൽ സെൻസസിൽ നിന്നുലഭിക്കുന്ന സ്ഥിതിവിവരങ്ങളാണ് പരിഗണിക്കുന്നത്. ജനനങ്ങളിലെ സത്രീ പുരഷാനുപാതം പ്രത്യേകം കണക്കാക്കാറുണ്ട്. ആൺകുട്ടികൾ 105 ജനിക്കുമ്പോൾ പെൺകുട്ടികൾ 100 മാത്രമേ ജനിക്കാറുള്ളു. (105 എന്നുള്ളത് 103 മുതൽ 107 വരെ വ്യതിചലിക്കുന്നതായി കാണാറുണ്ട്.)

2 ആശ്രിതത്വനിരക്ക് = $\frac{\text{ആകെയുള്ള ആശ്രിതർ}}{\text{ആകെ തൊഴിൽ ചെയ്യുന്നവർ}} \times 100$

15 വയസ്സിനു താഴെയുള്ളവരേയും 60 വയസ്സിനു മുകളിലുള്ളവരേയും സാധാരണഗതിയിൽ ആശ്രിതരായും 15 മുതൽ 59 വയസ്സുവരെയുള്ളവരെ തൊഴിൽ ചെയ്യുന്നവരായും കണക്കാക്കാറുണ്ട്. ശരിയായ സ്ഥിതിവിവരങ്ങൾ ലഭ്യമാണെങ്കിൽ തൊഴിൽ ചെയ്യുന്നവരുടെ സംഖ്യ തിട്ടപ്പെടുത്തി ഛേദത്തിൽ കൊടുക്കാവുന്നതാണ്.

3 തൊഴിൽരഹിതാനുപാതം = $\frac{\text{തൊഴിൽരഹിതരുടെ എണ്ണം}}{\text{വർഷാർധ ജനസംഖ്യ}} \times 100$

ആകെ ജനങ്ങളിൽ എത്രശതമാനത്തിന് ജോലിയില്ല എന്നാണ് ഈ സൂചിക കാണിക്കുന്നത്. തൊഴിലില്ലാത്തവരുടെ എണ്ണം കണക്കാക്കുമ്പോൾ ഒരു സൂചിതകാലം ആവശ്യമുണ്ട്. ഇതുപോലെ ഭാഗിക തൊഴിൽ രഹിതരുടേയും അതുപതം കണ്ടുപിടിക്കാം. തൊഴിൽ ചെയ്യുന്നവരുമായാണ്.

ഭാഗിക തൊഴിൽ രഹിതരുടെ എണ്ണത്തെ തുലനം ചെയ്യുന്നത്. ഇവിടെയും സൂചിത കാലം ആവശ്യമാണ്.

## സ്ഥിതിവിവരങ്ങൾ വിലയിരുത്തേണ്ടതിന്റെ ആവശ്യം

മേൽവിവരിച്ച നിരക്കുകളും അനുപാതങ്ങളും തയ്യാറാക്കുന്നതിന് മുൻപ് സ്ഥിതിവിവരങ്ങൾ വിശ്വാസയോഗ്യമാണോ എന്ന് നിർണ്ണയിക്കേണ്ട ആവശ്യമുണ്ട്. പല വിധത്തിലുള്ള തെറ്റുകൾ ഇവയിൽ കടന്നുകൂടാവുന്നതാണ്. ശരിയായ വിധത്തിൽ പരിശോധിച്ചശേഷം ഏതെല്ലാം ഇനങ്ങളിൽ അപൂർണ്ണതയുണ്ടെന്ന് തിട്ടപ്പെടുത്തണം. വയസ് ശരിയായി അറിയുവാൻ വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ , പ്രത്യേകിച്ച് നിരക്ഷരരുടെ ഇടക്ക് വിഷമമാണല്ലോ . സെൻസസിൽ നിന്നുകിട്ടുന്ന വിവരങ്ങളും രജിസ്ട്രഷനിൽ നിന്നു കിട്ടുന്ന വിവരങ്ങളും സർവ്വേകളേ അപേക്ഷിച്ച് കൂടുതൽ തെറ്റുകൾ കാണാൻ സാധ്യതയുള്ളവയാണ്. സാംഖ്യാതിക തത്വങ്ങൾ അനുസരിച്ച് അവയിലെ തെറ്റുകൾ മാറ്റിയെടുത്തതിനുശേഷം മാത്രമേ നിരക്കുകളും അനുപാതങ്ങളും കണ്ടുപിടിക്കുവാൻ പാടുള്ളൂ. ഒരേ വിധത്തിലുള്ള വിശ്വാസയോഗ്യതയുള്ള. സ്ഥിതിവിവരങ്ങൾ മാത്രമേ താരതമ്യപഠനത്തിനു പ്രയോഗിക്കാവൂ . ഇതിൽ കൂടുതലായി വിലയിരുത്തലിനുള്ള ഉപാധികളെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നതല്ല.

## ദാരിദ്ര്യ നിർമ്മാർജ്ജന ദിനം

## ദാരിദ്ര്യത്തിനും ഒരു കേരളാ മോഡൽ

രണ്ടുകോടി രൂപയിലേറേ ആസ്തിയുള്ള കുടുംബത്തിലെ ഒരംഗം മുളന്തുരുത്തിയിൽ പട്ടിണികിടന്നുമരിച്ചത് ഈ മാസം തന്നെ. തുരുവനന്തപുരത്തെ കാട്ടാക്കടയിൽ അമ്മയും മക്കളും മണ്ണുതിന്നു വിശപ്പടക്കിയ സംഭവം റിപ്പോർട്ട് ചെയ്തിട്ട് മാസങ്ങൾ ആകുന്നതേയുള്ളു.

ദാരിദ്ര്യവും പട്ടിണിയും റിപ്പോർട്ടുചെയ്യുമ്പോഴും ഏറ്റവും അധികം കൂലികൊടുക്കുന്ന സംസ്ഥാനവും കേരളം തന്നെ. ചുരുക്കത്തിൽ വികസനത്തിനൊപ്പം ദാരിദ്ര്യത്തിനും ഒരു കേരളാ മേഡൽ രൂപപ്പെടുകയാണ്.

കേന്ദ്രസർക്കാരിന്റെ കണക്കുപ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 12 ശതമാനം ദാരിദ്ര്യരേഖക്ക് താഴെയാണ്. സമ്പന്നരുടെ ശതമാനത്തിൽ കേരളത്തിന് നാലാം സ്ഥാനവുമാണ്.

ദാരിദ്ര്യമെന്നത് കേവലം സാമ്പത്തിക അവസ്ഥയല്ലെന്നും സാമൂഹികമായ മാനങ്ങൾ കൂടി കണക്കിലെടുക്കണമെന്നും കുടുംബശ്രീ ഡയറക്ടർ ശ്രീ. ടി.കെ. ജോസ് പറയുന്നു.

വരുമാനം എന്ന ഏകമാനത്തെ മാത്രം കണക്കിലെടുക്കാതെ സാമൂഹ്യ സാഹചര്യങ്ങൾ കൂടി പരിഗണിക്കുമ്പോൾ കേരളത്തിലെ ജനസംഖ്യയുടെ 36 ശതമാനം ദാരിദ്ര്യരാണെന്ന് കുടുബശ്രീ പ്രോജക്ട് കണ്ടെത്തിയിരുന്നു. സാമാന്യജീവിതത്തിന് തടസ്സമുണ്ടാക്കുന്ന ഒമ്പത് ക്ലേശഘടകങ്ങൾ കൂടി ഉൾപ്പെടുത്തി നടത്തിയ സർവ്വേയിലാണ് ഈ കണ്ടെത്തൽ.

1) വാസയോഗ്യമല്ലാത്തവീട് (2) കുടിവെള്ളമില്ല, (3) കക്കൂസില്ല (4) വരുമാനമുള്ള ഒന്നിലധികം അംഗങ്ങളില്ല (5) രണ്ടുനേരം മാത്രം ആഹാരം (6) വിധവ , അവിവാഹിതയായ അമ്മ. അനാഥ, തുടങ്ങിയ സ്ത്രീകൾ ഗൃഹനാഥ, (7) അക്ഷരാഭ്യാസമില്ലാത്ത മുതിർന്നവർ. (8) മാനസ്സികമോ ശാരീരികമോ ആയ വൈകല്യമുള്ള കുടുംബാംഗങ്ങൾ , (9) പട്ടികവിഭാഗം എന്നീ ഒമ്പത് സാമൂഹിക സാഹചര്യങ്ങൾ കൂടി കണക്കിലെടുത്തപ്പോഴാണ് കേരളത്തിലെ ദാരിദ്ര്യത്തെക്കുറിച്ച് യാഥാർത്ഥ്യബോധമുള്ള ചിത്രം വ്യക്തമായത്

സർവ്വേയുടെ കണ്ടെത്തലുകളും ശ്രദ്ധേയമാണ്. 1) സംസ്ഥാനത്തെ 36.58 ശതമാനം പേർ ദരിദ്രർ (കേന്ദ്രകണക്ക് 12 ശതമാനം) (2) പ്രധാനതൊഴിൽ കൃഷിപ്പണി, (3) 20 ശതമാനം കുടുംബങ്ങളും നയിക്കുന്നത് സ്ത്രീകൾ. (4) 40 ശതമാനം ദരിദ്രർക്ക് മാത്രം വീട്. (5) ദാരിദ്ര്യരേഖക്ക് താഴെയുള്ളവരിൽ പകുതി കുടുംബത്തിന്റേയും വാർഷിക വരുമാനം 10.000 രൂപയിൽ താഴെ. (6) 7.65 ലക്ഷം നിരക്ഷരർ, (7) 1.28 ലക്ഷം കുടുംബങ്ങൾക്ക് ഭൂമിയില്ല, 9.68 ലക്ഷം കുടുംബങ്ങൾക്ക് വീടില്ല. (8) എട്ടു ലക്ഷം കുടുംബങ്ങൾക്ക് കക്കൂസില്ല. ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ഒറ്റമൂലി സാധ്യമല്ലെന്ന് പ്ളാനിംഗ് ബോർഡ് അംഗം സി.പി. ജോൺ പറയുന്നു

സ്ഥിതിവിവരക്കണക്കുകളിലും സർവ്വേകളിലും ദാരിദ്ര്യരുടെ എണ്ണം സൗകര്യാർത്ഥം കൂടുകയും കുറയുകയും ചെയ്യുമ്പോഴും ദാരിദ്ര്യം ഒരു സാമൂഹിക യാഥാർത്ഥ്യമായി തുടരുകയും ചെയ്യുന്നു.

മാതൃഭൂമി 2005 ഒക്ടോബർ 17

## ദാരിദ്ര രേഖക്ക് തഴെയുള്ള ജനസംഖ്യ (ശതമാനത്തിൽ)

| ക്രമ നമ്പർ | സംസ്ഥാനം | 1973-74 | 1977-78 | 1983 | 1987-88 | 1993-94 | 1999-2000 |
|---|---|---|---|---|---|---|---|
| ജനറൽ കാറ്റഗറി | | | | | | | |
| 1 | ആന്ധ്രാ പ്രദേശ് | 48.86 | 39.31 | 28.91 | 25.8 | 22.19 | 15.77 |
| 2 | ബീഹാർ | 61.91 | 61.55 | 62.22 | 52.1 | 54.96 | 42.60 |
| 3 | ചണ്ടിഗഡ് | | | | | | |
| 4 | ഗോവ | 44.26 | 37.23 | 18.90 | 24.5 | 14.92 | 4.40 |
| 5 | ഗുജറാത്ത് | 48.15 | 41.23 | 32.79 | 31.5 | 24.21 | 14.07 |
| 6 | ഹരിയാന | 35.36 | 29.55 | 21.37 | 16.6 | 25.05 | 8.74 |
| 7 | ജാർഘണ്ട് | | | | | | |
| 8 | കർണാടക | 54.47 | 48.78 | 38.24 | 37.5 | 33.16 | 20.04 |
| 9 | കേരള | 59.79 | 52.22 | 40.42 | 31.7 | 25.43 | 12.72 |
| 10 | മദ്ധ്യപ്രദേശ് | 61.78 | 61.78 | 49.78 | 43.0 | 42.52 | 37.43 |
| 11 | മഹാരാഷ്ട്രാ | 53.24 | 55.88 | 43.44 | 40.4 | 36.86 | 25.02 |
| 12 | ഒറീസ | 66.18 | 70.07 | 65.29 | 55.5 | 48.56 | 47.15 |
| 13 | പഞ്ചാബ് | 28.15 | 19.27 | 16.18 | 13.2 | 11.77 | 6.16 |
| 14 | രാജസ്ഥാൻ | 46.14 | 37.42 | 34.46 | 35.1 | 27.41 | 15.28 |
| 15 | തമിഴ്നാട് | 54.93 | 54.79 | 51.66 | 43.3 | 35.03 | 21.12 |
| 16 | ഉത്തർ പ്രദേശ് | 57.07 | 49.05 | 47.07 | 41.4 | 40.85 | 31.15 |
| 17 | വെസ്റ്റ് ബംഗാൾ | 63.43 | 60.52 | 54.85 | 44.7 | 35.66 | 27.02 |
| ബി. സ്പെഷ്യൽ കാറ്റഗറി | | | | | | | |
| 1 | അരുണാചൽ പ്രദേശ് | 51.93 | 58.32 | 40.88 | 36.2 | 39.35 | 33.47 |
| 2 | ആസാം | 51.21 | 57.15 | 40.47 | 36.2 | 40.86 | 36.09 |
| 3 | ഹിമാചൽ പ്രദേശ് | 26.39 | 32.45 | 16.40 | 15.4 | 28.44 | 7.63 |
| 4 | ജമ്മു കാശ്മീർ | 40.83 | 38.97 | 24.24 | 23.8 | 25.17 | 3.48 |
| 5 | മണിപ്പൂർ | 49.96 | 53.72 | 37.02 | 31.3 | 33.78 | 28.54 |
| 6 | മേഘാലയ | 50.20 | 55.19 | 38.81 | 33.9 | 37.92 | 33.87 |
| 7 | മിസോറാം | 50.32 | 54.38 | 36.00 | 27.5 | 25.66 | 19.47 |
| 8 | നാഗാലാന്റ് | 50.81 | 56.04 | 39.25 | 34.4 | 37.92 | 32.67 |
| 9 | സിക്കിം | 50.86 | 55.89 | 39.71 | 36.0 | 41.43 | 36.55 |
| 10 | ത്രിപുര | 51.00 | 56.88 | 40.03 | 35.2 | 39.01 | 34.44 |
| 11 | ഉത്തരാഞ്ചൽ | | | | | | |
| | | 54.88 | 51.32 | 44.45 | 38.86 | 35.97 | 26.10 |

*നോട്ട്*

1) *സിക്കിം. അരുണാചൽ പ്രദേശ്. മേഘാലയ. മിസോറാം. മണിപ്പൂർ. നാഗാലാന്റ്. ത്രിപുര എന്നീ സംസ്ഥാനങ്ങൾക്ക് ആസാമിന്റെ ദാരിദ്ര്യാനുപാതമാണ് ഉപയോഗിച്ചിരിക്കുന്നത്*

2) *ഗോവയുടെ ദാരിദ്ര്യാനുപാതം കണക്കാക്കുന്നതിന് മഹാരാഷ്ട്രയുടെ ദാരിദ്ര്യരേഖയും ഗോവയുടെ ചിലമാനവിതരണവുമാണ് ഉപയോഗിച്ചിരിക്കുന്നത്.*

3) *1993-94 വർഷത്തിലെ ജമ്മു കാഷ്മീരിലെ ദാരിദ്ര്യാനുപാതം കണക്കാക്കാൻ ഹിമാചൽ പ്രദേശിന്റെ ദാരിദ്ര്യാനുപാദമാണ് ഉപയോഗിച്ചത്.*

4) *1999-2000 വർഷത്തെ ജമ്മു കാഷ്മീരിലെ ദാരിദ്ര്യാനുപാതം കണക്കാക്കാൻ ഹിമാചൽ പ്രദേശിന്റെ ദാരിദ്ര്യാനുപാദവും ജമ്മു കാഷ്മീരിലെ ചിലമാനവിതരണവുമാണ് ഉപയോഗിച്ചത്.*

## 2000– ലെ ജനന-മരണ നിരക്ക് ശിശുമരണനിരക്കു് എന്നിവയുടെ ഔദ്യോഗിക കണക്ക്

| ക്രമ നം | സംസ്ഥാനം | ജനനനിരക്ക് | | | മരണനിരക്ക് | | | ശിശുമരണ നിരക്ക് | | |
|---|---|---|---|---|---|---|---|---|---|---|
| | | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| എ | ജനറൽ കാറ്റഗറി | | | | | | | | | |
| 1 | ആന്ധ്രാ പ്രദേശ് | 21.3 | 21.7 | 20.1 | 8.2 | 9.0 | 5.8 | 65 | 74 | 36 |
| 2 | ബീഹാർ | 31.9 | 32.8 | 25.6 | 8.8 | 9.1 | 7.1 | 62 | 63 | 53 |
| 3 | ചണ്ടിഗഡ് | 26.7 | 29.2 | 22.8 | 9.6 | 11.2 | 7.1 | 79 | 95 | 49 |
| 4 | ഗോവ | 14.3 | 14.3 | 14.2 | 7.4 | 7.9 | 6.7 | 23 | 24 | 21 |
| 5 | ഗുജറാത്ത് | 25.2 | 26.8 | 21.9 | 7.5 | 8.3 | 5.8 | 62 | 69 | 45 |
| 6 | ഹരിയാന | 26.9 | 27.9 | 23.0 | 7.5 | 7.9 | 6.2 | 67 | 69 | 57 |
| 7 | ജാർഘണ്ട് | 26.5 | 28.8 | 19.4 | 9.0 | 9.8 | 6.5 | 70 | 74 | 48 |
| 8 | കർണാടക | 22.0 | 23.3 | 19.1 | 7.8 | 8.6 | 5.7 | 57 | 68 | 24 |
| 9 | കേരള | 17.9 | 18.0 | 17.5 | 6.4 | 6.5 | 6.2 | 14 | 14 | 14 |
| 10 | മദ്ധ്യപ്രദേശ് | 31.2 | 33.2 | 23.5 | 10.2 | 11.0 | 7.5 | 88 | 94 | 54 |
| 11 | മഹാരാഷ്ട്രാ | 20.9 | 21.2 | 20.3 | 7.5 | 8.6 | 5.7 | 48 | 57 | 33 |
| 12. | ഒറീസ | 24.3 | 24.8 | 20.1 | 10.5 | 11.0 | 7.0 | 96 | 99 | 66 |
| 13 | പഞ്ചാബ് | 21.5 | 22.6 | 18.5 | 7.3 | 7.8 | 5.8 | 52 | 56 | 38 |
| 14 | രാജസ്ഥാൻ | 31.2 | 32.6 | 25.0 | 8.4 | 8.8 | 6.5 | 79 | 83 | 58 |
| 15 | തമിഴ്നാട് | 19.2 | 19.9 | 18.0 | 7.9 | 8.6 | 6.4 | 51 | 57 | 38 |
| 16 | ഉത്തർ പ്രദേശ് | 32.8 | 34.0 | 27.2 | 10.3 | 10.8 | 8.0 | 83 | 87 | 65 |
| 17 | വെസ്റ്റ് ബംഗാൾ | 20.6 | 23.0 | 14.0 | 7.0 | 7.1 | 6.7 | 51 | 54 | 37 |
| ബി | സ്പെഷ്യൽ കാറ്റഗറി | | | | | | | | | |
| 1 | അരുണാചൽ പ്രദേശ് | 22.3 | 23.1 | 13.9 | 6.0 | 6.3 | 2.5 | 44 | 45 | 11 |
| 2 | ആസാം | 26.9 | 27.9 | 18.6 | 9.6 | 10.0 | 6.1 | 75 | 78 | 35 |
| 3 | ഹിമാചൽ പ്രദേശ് | 22.1 | 22.5 | 16.9 | 7.2 | 7.3 | 5.5 | 60 | 62 | 37 |
| 4 | ജമ്മു കാശ്മീർ | 19.6 | 20.3 | 16.5 | 6.2 | 6.3 | 5.9 | 50 | 51 | 45 |
| 5 | മണിപ്പൂർ | 18.3 | 19.1 | 16.2 | 5.6 | 5.4 | 6.0 | 23 | 23 | 25 |
| 6 | മേഘാലയ | 28.5 | 31.0 | 15.3 | 9.2 | 10.1 | 4.6 | 58 | 61 | 32 |
| 7 | മിസോറാം | 16.9 | 18.8 | 14.5 | 5.2 | 6.3 | 3.7 | 21 | 24 | 15 |
| 8 | നാഗാലാന്റ് | | | 12.2 | | | 3.0 | | | 23 |
| 9 | സിക്കിം | 21.8 | 22.1 | 14.8 | 5.7 | 5.7 | 4.0 | 49 | 49 | 36 |
| 10 | ത്രിപുര | 16.5 | 17.0 | 14.0 | 5.4 | 5.3 | 5.6 | 41 | 42 | 32 |
| 11 | ഉത്തരാഞ്ചൽ | 20.2 | 24.6 | 17.1 | 6.9 | 10.3 | 4.5 | 50 | 73 | 26 |
| | | 25.8 | 27.5 | 20.7 | 8.5 | 9.3 | 6.3 | 68 | 74 | 43 |

*സ്രോതസ്: സ്റ്റാറ്റിസ്റ്റിക്കൽ അബ്സ്ട്രാക്റ്റ് ഇന്ത്യ 2002 സി.എസ്.ഒ., ന്യൂ ഡൽഹി.*

*കുറിപ്പ്: ചെറിയ സംസ്ഥാനങ്ങളിലെ ശിശുമരണ നരക്ക് 1996-1998 വരെയുള്ള 3 വർഷക്കാലത്തേക്കാണ്*

## 1991 ലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യാനിരക്ക്

| ക്രമ നം. | സംസ്ഥാനം | പട്ടികജാതി | | പട്ടിക വർഗ്ഗം | | സംസ്ഥാനപദവിക്കനുസരണമായി പട്ടിക ജാതി, പട്ടികവർഗ്ഗ ജനസംഖ്യാ ശതമാനാടിസ്ഥാനത്തിൽ | |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| എ | ജനറൽ കാറ്റഗറി | | | | | | |
| 1 | ആന്ധ്രാ പ്രദേശ് | 105.92 | 15.93 | 41.99 | 6.31 | 22.24 | 15 |
| 2 | ബീഹാർ | 125.72 | 14.56 | 66.17 | 7.66 | 22.22 | 16 |
| 3 | ചണ്ടിഗഡ് | | | | | | |
| 4 | ഗോവ | 0.24 | 2.08 | | 0.03 | 2.11 | 24 |
| 5 | ഗുജറാത്ത് | 30.60 | 7.41 | 61.62 | 14.92 | 22.33 | 14 |
| 6 | ഹരിയാന | 32.51 | 19.75 | | | 19.75 | 22 |
| 7 | ജാർഘണ്ട് | | | | | | |
| 8 | കർണാടക | 73.69 | 16.38 | 19.16 | 4.26 | 20.64 | 18 |
| 9 | കേരള | 28.87 | 9.92 | 3.21 | 1.10 | 11.02 | 23 |
| 10 | മദ്ധ്യപ്രദേശ് | 96.27 | 14.54 | 153.99 | 23.27 | 37.81 | 7 |
| 11 | മഹാരാഷ്ട്രാ | 87.58 | 11.10 | 73.18 | 9.27 | 20.37 | 19 |
| 12 | ഒറീസ | 51.29 | 16.20 | 70.32 | 22.21 | 38.41 | 6 |
| 13 | പഞ്ചാബ് | 57.43 | 28.31 | | | 28.31 | 12 |
| 14 | രാജസ്ഥാൻ | 76.08 | 17.29 | 54.75 | 12.44 | 29.73 | 9 |
| 15 | തമിഴ്നാട് | 107.12 | 19.18 | 5.74 | 1.03 | 20.21 | 21 |
| 16 | ഉത്തർ പ്രദേശ് | 292.76 | 21.04 | 2.88 | 0.21 | 21.25 | 17 |
| 17 | വെസ്റ്റ് ബംഗാൾ | 160.81 | 23.62 | 38.09 | 5.60 | 29.22 | 11 |
| ബി | സ്പെഷ്യൽ കാറ്റഗറി | | | | | | |
| 1 | അരുണാചൽ പ്രദേശ് | 0.04 | 0.47 | 5.50 | 63.66 | 64.13 | 4 |
| 2 | ആസാം | 16.59 | 7.40 | 28.74 | 12.82 | 20.22 | 20 |
| 3 | ഹിമാചൽ പ്രദേശ് | 13.10 | 25.34 | 2.18 | 4.22 | 29.56 | 10 |
| 4 | ജമ്മു കാശ്മീർ | | | | | | |
| 5 | മണിപ്പൂർ | 0.37 | 2.02 | 6.32 | 34.41 | 36.43 | 8 |
| 6 | മേഘാലയ | 0.09 | 0.51 | 15.18 | 85.53 | 86.04 | 3 |
| 7 | മിസോറാം | 0.01 | 0.10 | 6.54 | 94.75 | 94.85 | 1 |
| 8 | നാഗാലാന്റ് | | | 10.61 | 87.70 | 87.70 | 2 |
| 9 | സിക്കിം | 0.24 | 5.93 | 0.91 | 22.36 | 28.29 | 13 |
| 10 | ത്രിപുര | 4.51 | 16.36 | 8.53 | 30.95 | 47.31 | 5 |
| 11 | ഉത്തരാഞ്ചൽ | | | | | | |
| | ആകെ (ബി) | 34.95 | 9.41 | 84.51 | 22.76 | 32.17 | |
| | ആകെ എല്ലാസംസ്ഥാനവും | 1361.84 | 16.46 | 675.61 | 8.17 | 24.63 | |
| | ആകെ ; ഇന്ത്യമൊത്തം | 1382.23 | 16.48 | 677.58 | 8.08 | 24.56 | |

സ്രോതസ്: ഫൈനൽ പോപ്പുലേഷൻ ടോട്ടൽസ് സീരിസ് 1 പേപ്പർ 1 1992 വാല്യം 1 സെൻസസ് ഇന്ത്യ

## കണക്കാക്കപ്പെട്ട ചേരിയിലെ ജനസംഖ്യ

(ലക്ഷത്തിൽ)

| ക്രമ നമ്പർ | സംസ്ഥാനം | നഗരജനസംഖ്യ | കണക്കാപ്പെട്ട ചേരിയിലെ ജനസംഖ്യ | ചേരിയിലെ ജനസംഖ്യ (ശതമാനത്തിൽ) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | ജനറൽ കാറ്റഗറി | | | |
| 1 | ആന്ധ്രാ പ്രദേശ് | 205.04 | 60.166 | 29.34 |
| 2 | ബീഹാർ | 86.79 | 35.444 | 40.84 |
| 3 | ചണ്ഡിഗഡ് | 41.75 | | |
| 4 | ഗോവ | 6.69 | 1.141 | 17.06 |
| 5 | ഗുജറാത്ത് | 188.99 | 34.388 | 18.20 |
| 6 | ഹരിയാന | 61.14 | 10.067 | 16.47 |
| 7 | ജാർഘണ്ട് | 59.86 | | |
| 8 | കർണാടക | 179.20 | 17.761 | 9.91 |
| 9 | കേരള | 82.67 | 16.452 | 19.90 |
| 10 | മദ്ധ്യപ്രദേശ് | 161.03 | 27.954 | 17.36 |
| 11 | മഹാരാഷ്ട്രാ | 410.20 | 107.367 | 26.17 |
| 12 | ഒറീസ | 54.96 | 11.207 | 20.39 |
| 13 | പഞ്ചാബ് | 82.45 | 18.936 | 22.96 |
| 14 | രാജസ്ഥാൻ | 132.05 | 32.651 | 24.73 |
| 15 | തമിഴ്നാട് | 272.42 | 43.585 | 16.00 |
| 16 | ഉത്തർ പ്രദേശ് | 345.13 | 77.098 | 22.34 |
| 17 | വെസ്റ്റ് ബംഗാൾ | 224.86 | 65.780 | 29.25 |
| | **ആകെ (എ)** | **2595.23** | **559.997** | **21.58** |
| ബി | സ്പെഷ്യൽ കാറ്റഗറി | | | |
| 1 | അരുണാചൽ പ്രദേശ് | 2.23 | 0.375 | 16.82 |
| 2 | ആസാം | 33.89 | 5.826 | 17.19 |
| 3 | ഹിമാചൽ പ്രദേശ് | 5.95 | 1.614 | 27.13 |
| 4 | ജമ്മു കാശ്മീർ | 25.05 | 7.783 | 31.07 |
| 5 | മണിപ്പൂർ | 5.70 | 1.132 | 19.86 |
| 6 | മേഘാലയ | 4.53 | 1.161 | 25.63 |
| 7 | മിസോറാം | 4.41 | 1.156 | 26.21 |
| 8 | നാഗാലാന്റ് | 3.53 | 0.609 | 17.25 |
| 9 | സിക്കിം | 0.60 | 0.123 | 20.50 |
| 10 | ത്രിപുര | 5.43 | 0.893 | 16.45 |
| 11 | ഉത്തരാഞ്ചൽ | 21.71 | | |
| | **ആകെ (ബി)** | **113.03** | **20.672** | **18.29** |
| | **ആകെ എല്ലാസംസ്ഥാനവും** | **2708.26** | **580.669** | **21.44** |
| | **ആകെ ; ഇന്ത്യമൊത്തം** | **2853.55** | **618.258** | **21.67** |

*സ്രോതസ്; പ്രൊവിഷണൽ പോപ്പുലേഷൻ ടോട്ടൽസ് സെൻസസ് ഓഫ് ഇന്ത്യാ 2001ഷ സീരീസ് 9 പേപ്പർ 2 രാജസ്ഥാൻ*
*കോംപെന്റിയം ഓഫ് എൻവയോൺമെന്റൽ സ്റ്റാറ്റിസ്റ്റിക് -2000, സി.എസ്.ഒ. ന്യൂഡൽഹി*

## 1991 ലെയും 2001 ലെയും വിസ്തൃതി, ജനസംഖ്യാ, സാന്ദ്രത , ലിംഗാനുപാതം എന്നിവയുടെ വർദ്ധന നിരക്ക്

| | | | ജനസംഖ്യ | | സാന്ദ്രത | | ലിംഗാനുപാതം | | ദശാബ്ദ വളർച്ചാ നിരക്ക് (%) | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | സംസ്ഥാനം | വിസ്തൃതി *ച.കി.മി.-91 | 1991 | 2001 താൽ-ക്കാലികം | 1991 | 2001 താൽ-ക്കാലികം | 1991 | 2001 താൽ-ക്കാലികം | 1981–91 | 1991–01 താൽ-ക്കാലികം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | ജനറൽ കാറ്റഗറി | | | | | | | | | |
| 1 | ആന്ധ്രാ പ്രദേശ് | 275045 | 66508 | 75728 | 242 | 275 | 972 | 978 | 24.20 | 13.86 |
| 2 | ബിഹാർ | 173877 | 64530 | 82879 | **685 | 880 | 907 | 921 | 23.38 | 28.43 |
| 3 | ചണ്ടിഗഡ് | | 17615 | 20796 | 130 | 154 | 985 | 990 | 25.73 | 18.06 |
| 4 | ഗോവ | 3702 | 1170 | 1344 | 316 | 363 | 967 | 960 | 16.08 | 14.89 |
| 5 | ഗുജറാത്ത് | 196024 | 41310 | 50597 | 211 | 258 | 934 | 921 | 21.19 | 22.48 |
| 6 | ഹരിയാന | 44212 | 16464 | 21083 | 372 | 477 | 865 | 861 | 27.41 | 28.06 |
| 7 | ജാർഘണ്ട് | | 21844 | 26909 | 274 | 338 | 922 | 941 | 24.03 | 23.19 |
| 8 | കർണാടക | 191791 | 44977 | 52734 | 235 | 275 | 960 | 964 | 21.12 | 17.25 |
| 9 | കേരള | 38863 | 29099 | 31839 | 749 | 819 | 1036 | 1058 | 14.32 | 9.42 |
| 10 | മദ്ധ്യപ്രദേശ് | 443446 | 48566 | 60385 | **158 | 196 | 912 | 920 | 27.24 | 24.34 |
| 11 | മഹാരാഷ്ട്രാ | 307713 | 78937 | 96752 | 257 | 314 | 934 | 922 | 25.73 | 22.57 |
| 12 | ഒറീസ | 155707 | 31660 | 36707 | 203 | 236 | 971 | 972 | 20.06 | 15.94 |
| 13 | പഞ്ചാബ് | 50362 | 20282 | 24289 | 403 | 482 | 882 | 874 | 20.81 | 19.76 |
| 14 | രാജസ്ഥാൻ | 342239 | 44006 | 56473 | 129 | 165 | 910 | 922 | 28.44 | 28.33 |
| 15 | തമിഴ്നാട് | 130058 | 55859 | 62111 | 429 | 478 | 974 | 986 | 15.39 | 11.19 |
| 16 | ഉത്തർ പ്രദേശ് | 294411 | 131999 | 166053 | **548 | 689 | 876 | 898 | 25.55 | 25.80 |
| 17 | വെസ്റ്റ് ബംഗാൾ | 88752 | 68078 | 80221 | 767 | 904 | 917 | 934 | 24.73 | 17.84 |
| ബി | സ്പെഷ്യൽ കാറ്റഗറി | | | | | | | | | |
| 1 | അരുണാചൽ പ്രദേശ് | 83743 | 864 | 1091 | 10 | 13 | 859 | 901 | 36.83 | 26.21 |
| 2 | ആസാം | 78438 | 22414 | 26638 | 286 | 340 | 923 | 932 | 24.24 | 18.85 |
| 3 | ഹിമാചൽ പ്രദേശ് | 55673 | 5171 | 6077 | 93 | 109 | 976 | 970 | 20.79 | 17.53 |
| 4 | ജമ്മു കാശ്മീർ | 222236 | 7804 | 10070 | 77 | 99 | 896 | 900 | 30.34 | 29.04 |
| 5 | മണിപ്പൂർ | 22327 | 1837 | 2389 | 82 | 107 | 958 | 978 | 29.29 | 30.02 |
| 6 | മേഘാലയ | 22429 | 1775 | 2306 | 79 | 103 | 955 | 975 | 32.86 | 29.94 |
| 7 | മിസോറാം | 21081 | 690 | 891 | 33 | 42 | 921 | 938 | 39.70 | 29.18 |
| 8 | നാഗാലാന്റ് | 16579 | 1210 | 1989 | 73 | 120 | 886 | 909 | 56.08 | 64.41 |
| 9 | സിക്കിം | 7096 | 406 | 540 | 57 | 76 | 878 | 875 | 28.47 | 32.58 |
| 10 | ത്രിപുര | 10486 | 2757 | 3191 | 263 | 304 | 945 | 950 | 34.30 | 15.74 |
| 11 | ഉത്തരാഞ്ചൽ | | 7113 | 8480 | 133 | 159 | 936 | 964 | 24.23 | 19.20 |
| | | 3287263 | 846388 | 1027015 | **267 | 324 | 927 | 933 | 23.86 | 21.34 |

** താൽക്കാലിക കാനേഷുമാരി കണക്കുകൾ 2001 നു ശേഷം പുതുക്കിയത്

* ഈ കണക്കുകൾ താൽക്കാലികവും 1991 മാർച്ച് മാസം 31 വരെയുള്ളതുമാണ്. ഇവ സർവ്വേ

## സാക്ഷരതാ നിരക്ക് – 2001 (താൽക്കാലികം)

| ക്രമ നമ്പർ | സംസ്ഥാനം | ആകെ | പുരുഷൻമാർ | സ്ത്രീകൾ | റാങ്ക് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | ജനറൽ കാറ്റഗറി | | | | |
| 1 | ആന്ധ്രാ പ്രദേശ് | 61.11 | 70.85 | 51.17 | 22 |
| 2 | ബീഹാർ | 47.53 | 60.32 | 33.57 | 28 |
| 3 | ചണ്ഡിഗഡ് | 65.18 | 77.86 | 52.40 | 17 |
| 4 | ഗോവ | 82.32 | 88.88 | 75.51 | 3 |
| 5 | ഗുജറാത്ത് | 69.97 | 80.50 | 58.60 | 9 |
| 6 | ഹരിയാന | 68.59 | 79.25 | 56.31 | 14 |
| 7 | ജാർഘണ്ട് | 54.13 | 67.94 | 39.38 | 27 |
| 8 | കർണാടക | 67.04 | 76.29 | 57.45 | 16 |
| 9 | കേരള | 90.92 | 94.20 | 87.86 | 1 |
| 10 | മദ്ധ്യപ്രദേശ് | 64.11 | 76.80 | 50.28 | 19 |
| 11 | മഹാരാഷ്ട്രാ | 77.27 | 86.27 | 67.51 | 4 |
| 12 | ഒറീസ | 63.61 | 75.95 | 50.97 | 20 |
| 13 | പഞ്ചാബ് | 69.95 | 75.63 | 63.55 | 10 |
| 14 | രാജസ്ഥാൻ | 61.03 | 76.46 | 44.34 | 23 |
| 15 | തമിഴ്നാട് | 73.47 | 82.33 | 64.55 | 7 |
| 16 | ഉത്തർ പ്രദേശ് | 57.36 | 70.23 | 42.98 | 24 |
| 17 | വെസ്റ്റ് ബംഗാൾ | 69.22 | 77.58 | 60.22 | 12 |
| ബി. | സ്പെഷ്യൽ കാറ്റഗറി | | | | |
| 1 | അരുണാചൽ പ്രദേശ് | 54.74 | 64.07 | 44.24 | 25 |
| 2 | ആസാം | 64.28 | 71.93 | 56.03 | 18 |
| 3 | ഹിമാചൽ പ്രദേശ് | 77.13 | 86.02 | 68.08 | 5 |
| 4 | ജമ്മു കാശ്മീർ | 54.46 | 65.75 | 41.82 | 26 |
| 5 | മണിപ്പൂർ | 68.87 | 77.87 | 59.70 | 13 |
| 6 | മേഘാലയ | 63.31 | 66.14 | 60.41 | 21 |
| 7 | മിസോറാം | 88.49 | 90.69 | 86.13 | 2 |
| 8 | നാഗാലാന്റ് | 67.11 | 71.77 | 61.92 | 15 |
| 9 | സിക്കിം | 69.68 | 76.73 | 61.46 | 11 |
| 10 | ത്രിപുര | 73.66 | 81.47 | 65.41 | 6 |
| 11 | ഉത്തരാഞ്ചൽ | 72.28 | 84.01 | 60.26 | 8 |
| | | 65.38 | 75.85 | 54.16 | |

# അവശ്യസാധനങ്ങളുടെ പ്രതിമാസ ചില്ലറവിലനിലവാരം

| ക്രമ നമ്പർ | സാധനത്തിന്റെ പേര് | യൂണിറ്റ് | ആഗസ്റ്റ് 04 | സെപ്റ്റംബർ 04 | ഒക്ടോബർ 04 | നവംബർ 04 | ഡിസംബർ 04 | ജനുവരി 05 | ഫെബ്രുവരി 05 | മാർച്ച് 05 | ഏപ്രിൽ 05 | മേയ് 05 | ജൂൺ 05 | ജൂലൈ 05 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **എ. അരി – കമ്പോളനിരക്ക്** | | | | | | | | | | | | | | |
| 1 | മട്ട – ചുവപ്പ് | കി. ഗ്രാം | 13.99 | 13.95 | 13.5 | 13.43 | 13.55 | 13.36 | 13.65 | 13.21 | 13.46 | 13.69 | 13.30 | 13.66 |
| 2 | ചമ്പ – ചുവപ്പ് | കി. ഗ്രാം | 14.95 | 13.71 | 13.64 | 13.43 | 13.64 | 13.36 | 13.91 | 13.60 | 13.50 | 13.44 | 13.46 | 13.36 |
| 3 | ആന്ധ്ര വെള്ള | കി. ഗ്രാം | 13.16 | 13.20 | 13.02 | 13.20 | 13.19 | 13.21 | 13.80 | 13.73 | 13.86 | 14.01 | 13.87 | 13.84 |
| **ബി. പയറുവർഗ്ഗം** | | | | | | | | | | | | | | |
| 4 | പയർ | കി. ഗ്രാം | 28.07 | 27.83 | 27.75 | 27.50 | 27.79 | 28.07 | 28.54 | 29.54 | 31.43 | 33.79 | 34.25 | 34.61 |
| 5 | ഉഴുന്ന് (പിളർന്നത്) തോടില്ലാതെ | കി. ഗ്രാം | 27.46 | 27.75 | 2821 | 28.43 | 29.18 | 29.07 | 28.89 | 29.75 | 29.48 | 31.94 | 33.32 | 34.68 |
| 6 | പരിപ്പ് | കി. ഗ്രാം | 35.15 | 36.50 | 37.27 | 36.65 | 35.65 | 34.19 | 31.88 | 30.77 | 31.25 | 31.60 | 32.48 | 33.77 |
| **സി. മറ്റു ഭക്ഷ്യസാധനങ്ങൾ** | | | | | | | | | | | | | | |
| 7 | പഞ്ചസാര (ഓപ്പൺ മാർക്കറ്റ്) | കി. ഗ്രാം | 17.04 | 17.29 | 17.00 | 17.91 | 17.99 | 19.20 | 18.75 | 18.77 | 18.79 | 18.28 | 18.24 | 18.63 |
| 8 | പശുവിൻപാൽ | ലിറ്റർ | 14.00 | 14.00 | 14.00 | 14.00 | 14.00 | 14.00 | 14.00 | 14.00 | 14.00 | 14.93 | 14.93 | 14.93 |
| 9 | കോഴിമുട്ട (വൈറ്റ് ലഗോൺ) | ഡസൻ | 18.54 | 17.66 | 18.01 | 19.75 | 19.23 | 19.89 | 20.63 | 18.60 | 16.96 | 15.91 | 18.57 | 18.86 |
| 10 | ആട്ടിറച്ചി (എല്ലോടു കൂടിയത്) | കി. ഗ്രാം | 135.00 | 135.71 | 135.71 | 136.43 | 138.57 | 140.00 | 141.54 | 142.14 | 143.21 | 144.64 | 144.23 | 144.23 |
| 11 | ചായ (കണ്ണൻ ദേവൻ) | 1/2 കി. ഗ്രാം | 71.71 | 71.71 | 71.71 | 72.00 | 72.36 | 72.50 | 72.29 | 72.32 | 72.14 | 72.14 | 72.21 | 72.21 |
| 12 | കാപ്പി (ബ്രൂക്ക് ബോണ്ട്, ഗ്രീൻ ലേബൽ) | 1/2 കി. ഗ്രാം | 68.71 | 68.71 | 68.71 | 68.79 | 68.79 | 68.86 | 68.86 | 68.86 | 69.21 | 69.64 | 70.29 | 70.71 |
| **ഡി. എണ്ണയും എണ്ണക്കുരുക്കളും** | | | | | | | | | | | | | | |
| 13 | വെളിച്ചെണ്ണ | കി. ഗ്രാം | 75.86 | 73.20 | 72.84 | 75.39 | 79.02 | 76.89 | 78.48 | 72.92 | 68.02 | 63.95 | 64.41 | 60.89 |
| 14 | കടല എണ്ണ | കി. ഗ്രാം | 67.60 | 68.53 | 68.53 | 68.48 | 68.49 | 68.76 | 68.59 | 68.23 | 68.90 | 69.94 | 68.85 | 68.10 |
| 15 | റിഫൈൻഡ് ഓയിൽ (പോസ്റ്റ്മാൻ) | കി. ഗ്രാം | 80.28 | 80.17 | 80.17 | 80.61 | 80.61 | 83.83 | 85.05 | 85.05 | 85.75 | 85.35 | 85.35 | 85.35 |
| 16 | എള്ളെണ്ണ | കി. ഗ്രാം | 68.25 | 67.08 | 69.61 | 69.98 | 70.79 | 70.13 | 69.13 | 67.88 | 67.20 | 67.46 | 66.52 | 64.80 |
| 17 | നാളികേരം (തൊണ്ടില്ലാതെ) | 100 എണ്ണം | 708.21 | 696.79 | 678.93 | 704.64 | 736.07 | 728.57 | 745.00 | 705.77 | 649.29 | 633.57 | 616.79 | 591.43 |
| **ഇ. സുഗന്ധദ്രവ്യങ്ങളും പലവ്യഞ്ജനങ്ങളും** | | | | | | | | | | | | | | |
| 18 | മല്ലി | കി. ഗ്രാം | 30.89 | 31.79 | 30.14 | 29.21 | 29.36 | 30.00 | 30.26 | 30.40 | 29.80 | 30.59 | 30.44 | 30.71 |
| 19 | വറ്റൽ മുളക് | കി. ഗ്രാം | 40.50 | 41.21 | 41.57 | 41.50 | 41.64 | 41.00 | 40.43 | 37.69 | 35.93 | 33.50 | 33.07 | 32.64 |
| 20 | ഉള്ളി ചെറുത് | കി. ഗ്രാം | 12.27 | 11.71 | 13.66 | 18.28 | 14.47 | 12.26 | 12.46 | 11.23 | 13.02 | 12.26 | 11.77 | 12.89 |
| 21 | പുളി (തോടില്ലാത്തത്) | കി. ഗ്രാം | 34.71 | 39.21 | 42.64 | 43.93 | 45.93 | 44.14 | 39.21 | 36.77 | 37.50 | 37.07 | 35.71 | 36.00 |

## അവശ്യസാധനങ്ങളുടെ പ്രതിമാസ ചില്ലറവിലനിലവാരം (തുടർച്ച)

| ക്രമ നമ്പർ | സാധനത്തിന്റെ പേര് | യൂണിറ്റ് | ആഗസ്റ്റ് 04 | സെപ്റ്റംബർ 04 | ഒക്ടോബർ 04 | നവംബർ 04 | ഡിസംബർ 04 | ജനുവരി 05 | ഫെബ്രുവരി 05 | മാർച്ച് 05 | ഏപ്രിൽ 05 | മേയ് 05 | ജൂൺ 05 | ജൂലൈ 05 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| എഫ്. കിഴങ്ങുവർഗ്ഗങ്ങൾ | | | | | | | | | | | | | | |
| 22 | ചേന | കി. ഗ്രാം | 10.71 | 10.57 | 9.64 | 10.36 | 10.36 | 10.64 | 10.86 | 10.54 | 11.64 | 11.71 | 13.86 | 13.43 |
| 23 | മരച്ചീനി | കി. ഗ്രാം | 5.61 | 5.86 | 5.89 | 6.04 | 6.18 | 5.96 | 6.04 | 6.08 | 6.04 | 6.11 | 6.14 | 6.11 |
| 24 | ഉരുളക്കിഴങ്ങ് | കി. ഗ്രാം | 12.06 | 10.66 | 11.06 | 12.59 | 11.37 | 9.47 | 8.19 | 8.15 | 10.21 | 10.11 | 11.89 | 12.46 |
| 25 | ചേമ്പ് | കി. ഗ്രാം | 14.70 | 15.43 | 15.00 | 14.36 | 13.14 | 12.21 | 12.50 | 12.85 | 14.29 | 15.21 | 15.50 | 16.00 |
| ജി. പച്ചക്കറികൾ | | | | | | | | | | | | | | |
| 26 | ഉള്ളി (വലുത്) | കി. ഗ്രാം | 8.48 | 8.39 | 8.14 | 8.96 | 8.21 | 8.45 | 7.89 | 7.52 | 7.66 | 7.41 | 7.61 | 8.77 |
| 27 | വഴുനങ്ങ | കി. ഗ്രാം | 10.14 | 10.29 | 11.64 | 13.86 | 14.00 | 12.64 | 11.57 | 9.69 | 11.50 | 10.71 | 10.21 | 10.14 |
| 28 | വെള്ളരിക്ക | കി. ഗ്രാം | 6.29 | 6.64 | 8.79 | 9.29 | 7.29 | 9.93 | 8.07 | 6.69 | 7.00 | 7.71 | 8.57 | 7.64 |
| 29 | പച്ചമുളക് | കി. ഗ്രാം | 8.50 | 7.71 | 13.14 | 13.64 | 11.14 | 18.14 | 10.43 | 8.46 | 12.21 | 11.00 | 12.79 | 12.36 |
| 30 | കാബേജ് | കി. ഗ്രാം | 8.36 | 10.29 | 9.43 | 9.93 | 9.43 | 9.36 | 14.57 | 12.85 | 20.29 | 19.57 | 24.50 | 16.86 |
| 31 | പാവക്ക | കി. ഗ്രാം | 15.29 | 13.71 | 15.79 | 14.21 | 15.36 | 15.64 | 13.21 | 12.31 | 15.29 | 15.00 | 17.57 | 17.21 |
| 32 | തക്കാളി | കി. ഗ്രാം | 15.00 | 8.79 | 9.50 | 11.57 | 10.64 | 8.43 | 7.64 | 9.08 | 13.36 | 14.50 | 8.14 | 13.50 |
| 33 | മുളക് (ചുവപ്പ്) | കി. ഗ്രാം | 16.79 | 13.14 | 12.93 | 16.64 | 16.43 | 14.29 | 12.71 | 11.23 | 14.21 | 12.93 | 17.14 | 20.14 |
| 34 | ഏത്തപ്പഴം (പച്ച) | കി. ഗ്രാം | 17.82 | 16.57 | 14.54 | 14.50 | 11.36 | 10.75 | 10.21 | 9.00 | 12.11 | 13.07 | 16.14 | 13.21 |
| 35 | വാഴപ്പഴം (പച്ച) | കി. ഗ്രാം | 10.07 | 10.00 | 9.82 | 10.04 | 9.61 | 9.79 | 9.82 | 9.77 | 9.79 | 9.50 | 9.79 | 9.71 |
| എച്ച്. പലവർഗ്ഗങ്ങൾ | | | | | | | | | | | | | | |
| 36 | അലക്കുസോപ്പ് (501) | ½ ബ ാർ | 8.00 | 8.00 | 8.00 | 7.92 | 7.93 | 7.93 | 7.93 | 8.00 | 8.00 | 8.00 | 8.00 | 8.00 |
| 37 | ടോയ്‌ലറ്റ് സോപ്പ് (ലക്സ്) | 100 ഗ്രാം | 12.75 | 14.50 | 14.50 | 13.68 | 12.82 | 12.82 | 12.82 | 12.82 | 12.75 | 12.82 | 12.82 | 12.82 |
| 38 | ടൂത്ത്പേസ്റ്റ് (കോൾഗേറ്റ്) | 100 ഗ്രാം | 25.00 | 22.32 | 22.32 | 23.57 | 25.00 | 25.00 | 25.00 | 25.00 | 25.00 | 25.00 | 25.29 | 25.36 |
| 39 | സിമന്റ് (ശങ്കർ) (ഓർഡിനറി പേപ്പർ ബാഗ്) | ഒന്ന് | 176.96 | 170.75 | 170.75 | 153.21 | 168.88 | 168.21 | 178.33 | 181.96 | 193.12 | 190.42 | 190.58 | 189.77 |

## ഉപഭോക്തൃ വില സൂചിക

(കേരളസംസ്ഥാനം ) അടിസ്ഥാനം 1998 – 99=100

| കേന്ദ്രം | 2004 | | | | | 2005 | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ | ജൂലൈ |
| തിരുവനന്തപുരം | 127 | 128 | 127 | 130 | 131 | 132 | 130 | 130 | 129 | 131 | 132 | 133 |
| കൊല്ലം | 126 | 127 | 126 | 127 | 128 | 128 | 128 | 127 | 126 | 128 | 129 | 132 |
| പുനലൂർ | 122 | 122 | 122 | 123 | 123 | 124 | 119 | 118 | 118 | 119 | 120 | 121 |
| പത്തനംതിട്ട | 116 | 117 | 117 | 119 | 119 | 119 | 123 | 122 | 122 | 123 | 125 | 127 |
| ആലപ്പുഴ | 122 | 122 | 122 | 124 | 124 | 124 | 123 | 122 | 121 | 122 | 124 | 125 |
| കോട്ടയം | 122 | 122 | 122 | 123 | 122 | 122 | 122 | 121 | 121 | 122 | 123 | 125 |
| മുണ്ടക്കയം | 121 | 119 | 119 | 121 | 121 | 121 | 120 | 120 | 119 | 120 | 121 | 122 |
| മൂന്നാർ | 119 | 119 | 119 | 120 | 120 | 120 | 120 | 119 | 119 | 119 | 121 | 122 |
| എറണാകുളം | 121 | 122 | 123 | 123 | 124 | 124 | 125 | 123 | 123 | 124 | 126 | 127 |
| ചാലക്കുടി | 120 | 120 | 119 | 121 | 121 | 121 | 122 | 121 | 121 | 123 | 124 | 125 |
| തൃശ്ശൂർ | 120 | 120 | 120 | 121 | 121 | 121 | 121 | 120 | 121 | 122 | 123 | 124 |
| പാലക്കാട് | 122 | 122 | 122 | 123 | 123 | 123 | 122 | 122 | 123 | 124 | 125 | 126 |
| മലപ്പുറം | 122 | 123 | 122 | 124 | 125 | 125 | 125 | 124 | 124 | 125 | 126 | 127 |
| കോഴിക്കോട് | 120 | 120 | 120 | 121 | 121 | 121 | 121 | 121 | 121 | 122 | 123 | 124 |
| മേപ്പാടി | 118 | 118 | 118 | 119 | 119 | 118 | 118 | 118 | 119 | 120 | 121 | 122 |
| കണ്ണൂർ | 127 | 127 | 126 | 127 | 127 | 126 | 126 | 125 | 124 | 124 | 125 | 126 |
| കാസറഗോഡ് | 127 | 127 | 127 | 127 | 127 | 127 | 128 | 127 | 127 | 128 | 128 | 130 |
| **സംസ്ഥാനം** | 122 | 122 | 122 | 123 | 123 | 123 | 123 | 122 | 122 | 123 | 124 | 126 |

## ഉപഭോക്തൃ വില സൂചിക- താരതമ്യപഠനം

| ക്രമ നമ്പർ | കേന്ദ്രം | ലിങ്കിംഗ് ഫാക്ടർ * | (തോത് 1998-99 =100) | | |
|---|---|---|---|---|---|
| | | | ജൂൺ 04 | ജൂലൈ 05 | വ്യതിയാനം (%) |
| 1 | തിരുവനന്തപുരം | 10.39 | 127 | 133 | 4.72 |
| 2 | കൊല്ലം | 10.28 | 126 | 132 | 4.76 |
| 3 | പുനലൂർ | 9.96 | 123 | 121 | 1.63 |
| 4 | പത്തനംതിട്ട | | 117 | 127 | 8.55 |
| 5 | ആലപ്പുഴ | 10.45 | 121 | 125 | 3.31 |
| 6 | കോട്ടയം | 10.40 | 121 | 125 | 3.31 |
| 7 | മുണ്ടക്കയം | 10.12 | 119 | 122 | 2.52 |
| 8 | മൂന്നാർ | 10.03 | 118 | 122 | 3.39 |
| 9 | എറണാകുളം | 9.92 | 121 | 127 | 4.96 |
| 10 | ചാലക്കുടി | 10.60 | 119 | 125 | 5.04 |
| 11 | തൃശ്ശൂർ | 10.05 | 120 | 124 | 3.33 |
| 12 | പാലക്കാട് | 10.48 | 122 | 126 | 3.28 |
| 13 | മലപ്പുറം | 10.30 | 121 | 127 | 4.96 |
| 14 | കോഴിക്കോട് | 10.08 | 120 | 124 | 3.33 |
| 15 | മേപ്പാടി | 10.64 | 117 | 122 | 4.27 |
| 16 | കണ്ണൂർ | 10 06 | 126 | 126 | 0 00 |
| 17 | കാസറഗോഡ് | | 128 | 130 | 1.56 |
| | സംസ്ഥാനം | | 122 | 126 | 3.48 |

ഒക്ടോബർ 2001 മുതൽ ഉപയോഗിച്ചുവരുന്ന ലിങ്കിംഗ് ഫാക്ടറുകൾ സർക്കാർ ഉത്തരവ് എം. എസ്. (നം.)7/2002/പ്ളാനിംഗ് തീയതി: 21.03.2002

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഓഫീസർമാരുടെ

## ഇ-മെയിൽ അഡ്രസ്സുകൾ

വെബ്സൈറ്റ്: www.ecostatkerala.org

| | | |
|---|---|---|
| 1 | സെക്രട്ടറി, പ്ളാനിംഗ് & എക്കണോമിക്സ് അഫയേഴ്സ് | secplg@ecostatkerala.org |
| 2 | ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് | director@ecostatkerala.org |
| 3 | അഡീഷണൽ ഡയറക്ടർ ജനറൽ, | addlg@ecostatkerala.org |
| 4 | അഡീഷണൽ ഡയറക്ടർ, സ്റ്റേറ്റ് ഇൻകം | addlsi@ecostatkerala.org |
| 5 | അഡീഷണൽ ഡയറക്ടർ, പ്രൈസസ് | addlprices@ecostatkerala.org |
| 6 | ജോയിന്റ് ഡയറക്ടർ, പ്ളാനിംഗ് പബ്ളിക്കേഷൻ സ്റ്റ കോ-ഓർഡിനേഷൻ | jdppc@ecostatkerala.org |
| 7 | ജോയിന്റ് ഡയറക്ടർ, ടൈമിലി റിപ്പോർട്ടിംഗ് സർവ്വേ | jdtrs@ecostatkerala.org |
| 8 | ജോയിന്റ് ഡയറക്ടർ, അഗ്രിക്കൾച്ചർ സർവ്വേ | jdagc@ecostatkerala.org |
| 9 | ജോയിന്റ് ഡയറക്ടർ, സർവ്വേ & സിസൈൻ | jdsd@ecostatkerala.org |
| 10 | ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ ഡിവിഷൻ | ddcomputer@ecostatkerala.org |
| 11 | ഡെപ്യൂട്ടി ഡയറക്ടർ, ഇവാല്യുവേഷൻ | ddevaluation@ecostatkerala.org |
| 12 | ഡെപ്യൂട്ടി ഡയറക്ടർ, അഗ്രിക്കൾച്ചർ സെൻസസ് | ddagc@ecostatkcrala.org |
| 13 | ഡെപ്യൂട്ടി ഡയറക്ടർ, വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് | ddvs@ecostatkerala.org |
| 14 | അഡ്മിനിട്രേറ്റീവ് ആഫീസർ, ഡി.ഇ.എസ്. | ao@ecostatkerala.org |
| 15 | ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം | ddtvm@ecostatkerala.org |
| 16 | ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം | ddklm@ecostatkerala.org |
| 17 | ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട | ddpta@ecostatkerala.org |
| 18 | ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ | ddalp@ecostatkerala.org |
| 19 | ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം | ddktm@ecostatkerala.org |
| 20 | ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി | ddidi@ecostatkerala.org |
| 21 | ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം | ddekm@ecostatkerala.org |
| 22 | ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ | ddtsr@ecostatkerala.org |
| 23 | ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് | ddpkd@ecostatkerala.org |
| 24 | ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം | ddmpm@ecostatkerala.org |
| 25 | ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് | ddkkd@ecostatkerala.org |
| 26 | ഡെപ്യൂട്ടി ഡയറക്ടർ, വയനാട് | ddwyd@ecostatkerala.org |
| 27 | ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ | ddknr@ecostatkerala.org |
| 28 | ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് | ddksd@ecostatkerala.org |

882

Page No: 36

പ്രസിദ്ധീകരിക്കുന്നത് : എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, കേരള സർക്കാർ